# വുദ്വൂഉം നമസ്കാരവും

﴿الوضوء و الصلاة مصحّحة﴾

[ Malayalam – മലയാളം – مليالم ]


തയ്യാറാക്കിയത്:

അബ്ദുൽ ജബ്ബാർ അബ്ദുള്ള

جمع وترتيب: عبدالجبار عبدالله



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

ദമ്മാം – സൗദി അറേബ്യ

# ﴿الوضوء و الصلاة مصحّحة﴾

## المكتب التعاوني للدعوة وتوعية الجاليات بالدمام

## المملكة العربية السعودية

**Web Edition by:**

islamhouse.com

**1431– 2010**

# മുഖക്കുറി

بسم الله الرحمن الرحيم

സുഹൃത്തേ,

'വുദ്വൂഅ്', 'നമസ്കാരം' എന്നീ രണ്ട് പ്രധാന കർമ്മങ്ങളിൽ ഏതാനും മതവിധികളും മസ്അലകളും മഹത്വങ്ങളുമാണ് ഈ ലഘു കൃതിയുടെ ഉള്ളടക്കം. പ്രമുഖ പണ്ഡിതന്മാരായ ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്', ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിക്ഹി', ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽഖഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ', ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ', അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബു സ്സ്വലാത് ' എന്നീ ഗ്രന്ഥങ്ങളാണ് ഈ ലഘു കൃതി തയ്യാറാക്കുവാൻ അവലംബിച്ചിട്ടുള്ളത്.ഇത് തയ്യാറാക്കിയതിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉണർത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

ഈ സംരംഭത്തിന് സഹകരിച്ചവർ പലരാണ്. ഇത് സൂക്ഷ്മമായി പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത് ബഹു: മുഹമ്മദ് സ്വാദിക് മദനിയാണ്. അദ്ദേഹത്തോടുള്ള കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. ഇതിന്റെ കെട്ടും മട്ടും നന്നാക്കുവാൻ സഹകരിച്ച എല്ലാ സഹോദരങ്ങൾക്കും അല്ലാഹു(ﷻ) തക്കപ്രതിഫലം നൽകുമാറാകട്ടെ..., അല്ലാഹുവേ, നിന്റെ വജ്ഹിനായി മാത്രം. നീ ഞങ്ങളോട് പൊറുക്കേണമേ..

അബ്ദുൽ ജബ്ബാർ അബ്ദുള്ള

## ശുദ്ധിയുടെ പ്രാധാന്യം

ശുദ്ധിക്ക് വലിയ സ്ഥാനം നൽകിയ മതമാണ് ഇസ്ലാം.'ഈമാനിന്റെ പകുതി ശുദ്ധിയാണ്'' എന്ന് ഹദീഥിൽ വന്നിട്ടുണ്ട്. അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു:

«الطُّهُورُ شَطْرُ الإِيمَانِ....»

'ശുദ്ധി ഈമാനിന്റെ പകുതിയാണ്......'

അല്ലാഹു(ﷻ) ശുദ്ധിയില്ലാതെ ഏതൊരു നമസ്കാരവും സ്വീകരിക്കുകയില്ല, തീർച്ച. അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു:

«لاَ يَقْبَلُ الله صَلاَةً بِغَيْرِ طُهُورٍ .......»

'ശുദ്ധിയില്ലാതെ ഒരു സമസ്കാരവും അല്ലാഹു സ്വീകരിക്കുകയില്ല' (മുസ്ലിം) അതിനാൽ ശുദ്ധി കൈവരിക്കൽ ഒരു മുസ്ലിമിന് നിർബന്ധമാകുന്നു.

## ശുദ്ധിയുടെ ഇനങ്ങൾ

**ശുദ്ധി രണ്ടു വിധമാകുന്നു:**

1. **ആത്മീയശുദ്ധി**: ശിർക്കിന്റെ മാലിന്യങ്ങളിൽനിന്നും അല്ലാഹു(ﷻ) അല്ലാത്തവരെ ആരാധിക്കുന്നതിൽ നിന്നും മനസ്സിനെ ശുദ്ധമാക്കലാകുന്നു ആത്മീയ ശുദ്ധി കൊണ്ടുള്ള വിവക്ഷ. അല്ലാഹു(ﷻ) പറഞ്ഞു:

   يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْمُشْرِكُونَ نَجَسٌ… (سورة التوبة :28)

   'സത്യവിശ്വാസികളേ, ബഹുദൈവവിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു...' (വി.ക്വു. 9:28)

**2. ഭൗതികശുദ്ധി:** ശരീരം ചെറിയ അശുദ്ധിയിൽനിന്നും വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാകലും നമസ്കരിക്കുന്ന സ്ഥലവും വസ്ത്രവും നജസിൽ നിന്ന് ശുദ്ധിയാകലുമാകുന്നു ശാരീരിക ശുദ്ധികൊണ്ടുള്ള വിവക്ഷ.

## വുദ്വൂഇന്റെ ശ്രേഷ്ഠത

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«مَنْ تَوَضَّأَ لِلصَّلاَةِ فَأَسْبَغَ الْوُضُوءَ. ثُمَّ مَشَىٰ إِلَى الصَّلاَةِ الْمَكْتُوبَةِ. فَصَلاَّهَا مَعَ النَّـاسِ، غَفَـرَ اللهُ لَهُ ذُنُوبَهُ»

'ഒരാൾ നമസ്കാരത്തിന് വേണ്ടി വുദ്വൂഅ് ചെയ്തു; അതിനെ പരിപൂർണ്ണമാക്കി. എന്നിട്ട് ഫർദ്വ് നമസ്കാരത്തിനു വേണ്ടി പുറപ്പെടുകയും ജനങ്ങളോടൊപ്പം ഫർദ്വ് നമസ്കരിക്കുകയും ചെയ്താൽ അവൻെറ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കും' (ബുഖാരി, മുസ്ലിം)

വുദ്വൂഅ്, നമസ്കാരം ശരിയാകുവാനുള്ള ശർത്വാകുന്നു. അല്ലാഹുവിൻെറ റസൂൽ (ﷺ) പറഞ്ഞു:

«لاَ تقبلُ صلاةُ أحدِكم إذَا أحدثَ حتَى يتوضأَ»

'നിങ്ങളിൽ ഒരാൾക്ക് അശുദ്ധിയായാൽ വുദ്വൂഅ് എടുത്ത് ശുദ്ധിയാകുന്നതു വരെ അയാളുടെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല.' (ബുഖാരി, മുസ്ലിം)

## വുദ്വൂഇന്റെ ശർത്ത്വുകൾ

**വുദ്വൂഇൻെറ ശർത്വുകൾ പത്ത് കാര്യങ്ങൾ ആകുന്നു:**

1. ഇസ്ലാം
2. ബുദ്ധി
3. വകതിരിവ്
4. നിയ്യത്ത്
5. വെള്ളം ശുദ്ധിയുള്ളതാകലും അനുവദനീയമാകലും
6. മലമൂത്ര വിസർജ്ജനം ചെയ്തവർ അതിൽനിന്ന് ശുദ്ധിയാകൽ

7. ശരീരത്തിൽ വെള്ളം ചേരുന്നതിന് തടസമാകുന്ന വസ്തുക്കൾ നീക്കം ചെയ്യൽ
8. നിത്യഅശുദ്ധിയുള്ളവൻ സമയമായതിനുശേഷം മാത്രം വുദൂഅ് ചെയ്യൽ
9. വുദ്വൂഇൻെറ അവസാനംവരെ നിയ്യത്ത് നിലനിർത്തൽ.
10. വുദ്വൂഇനെ നിർബനന്ധമാക്കുന്ന (വുദ്വൂഇനെ നഷ്ടപ്പെടുത്തുന്ന) കാര്യങ്ങൾ നിലക്കൽ

## വുദ്വൂഇന്റെ നിർവ്വചനം

ചില നിർണ്ണിത അവയവങ്ങൾ (മുഖം, ഇരുകൈകൾ, ചെവി ഉൾപ്പെടെ തല, ഇരുകാലുകൾ) നിർണ്ണിത രൂപത്തിൽ കഴുകിയും തടവിയും അല്ലാഹു(ﷻ)യുടെ സാമീപ്യം തേടലാണ് വുദൂഅ്.

അല്ലാഹു (ﷻ) പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ إِذَا قُمْتُمْ إِلَى الصَّلاةِ فاغْسِلُواْ وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ وَامْسَحُواْ بِرُؤُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَينِ ...

'സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിനൊരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ രണ്ട് കൈകളും കഴുകുകയും നിങ്ങളുടെ തല തടവുകയും നെരിയാണിയുൾപ്പെടുത്തി രണ്ടു കാലുകൾ കഴുകുകയും ചെയ്യുക......' (വി.ക്വു.5:6)

## 'വുദ്വൂഇ'നെ നിർബന്ധമാക്കുന്ന കാര്യങ്ങൾ

**അവ മൂന്ന് കാര്യങ്ങൾ ആകുന്നു:**

1. **നമസ്കാരം:**

അല്ലാഹുവിൻെറ റസൂൽ (ﷺ) പറഞ്ഞു:

(لاَ يقبلُ اللهُ صلاةَ أَحدِكمْ إِذَا أَحدثَ حتَّى يتوضَّأَ )

'വുദ്വൂഅ് എടുത്ത് ശുദ്ധിയാകുന്നതുവരെ നിങ്ങളിൽ വുദ്വൂഅ് നഷ്ടപ്പെട്ടയാളുടെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല' (ബുഖാരി)

**2. കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യൽ:**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(الطوافُ صلاةٌ إلاَّ أنَّ الله أحلَّ فيهِ الكلامَ، فمنْ تكلَّمَ فلاَ يتكلّمُ إلاَّ بخيرٍ)

'ത്വവാഫ് നമസ്കാരമാകുന്നു. പക്ഷേ അല്ലാഹു(ﷻ) ത്വവാഫിൽ സംസാരം അനുവദനീയമാക്കി അതിനാൽ അതിൽ നിങ്ങൾ സംസാരിക്കുന്നുവെങ്കിൽ നന്മയല്ലാതെ സംസാരിക്കരുത്' അപ്പോൾ നമസ്കാരത്തിലെന്ന പോലെ ത്വവാഫിനും ശുദ്ധി ശർത്താണ്.

**3. ക്വുർആൻ സ്പർശിക്കൽ:**

അല്ലാഹു(ﷻ) പറഞ്ഞു:

لا يَمَسُّهُ إِلا الْمُطَهَّرُونَ

(പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അതിൽ സ്പർശിക്കുകയില്ല)

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لاَ تمسَّ القرآنَ إلاَّ وأنتَ طاهرٌ)

'നീ ശുദ്ധനായികൊണ്ടല്ലാതെ ക്വുർആൻ സ്പർശിക്കരുത്' (ത്വബറാനി)

## വുദ്വൂഇൻെറ ഫർദ്വുകൾ

**അവ ആറ് കാര്യങ്ങൾ ആകുന്നു.**

**1. മുഖം കഴുകൽ:**

സാധാരണ തലയിൽ മുടി മുളക്കുന്ന ഭാഗം മുതൽ താടിയെല്ലിൻെറ താഴ് ഭാഗം വരെ ഒരു പ്രാവശ്യം കഴുകൽ,അതിൽ വായിൽ വെള്ളം കൊള്ളലും മൂക്കിൽ വെള്ളം കയറ്റിചീറ്റലും ഉൾപ്പെടും. അല്ലാഹു(ﷻ) പറഞ്ഞു. ...فاغسلوا وجوهكم ...

((....... അപ്പോൾ നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ കഴുകുക.......))
അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذَا توضَّأْتَ فَمضْمضْ )

"നീ വുദ്വുവെടുത്താൽ വായിൽവെള്ളം ചുഴറ്റി തുപ്പുക" (അബൂദാവൂദ്).

വീണ്ടും അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«....... وَإِذَا تَوَضَّأَ أَحَدُكُمْ فَلْيَجْعَلْ فِي أَنْفِهِ مَاءً، ثُمَّ لِيَنْتَثِرْ»

"നിങ്ങളിൽ ഒരാൾ വുദ്വുവെടുത്താൽ മൂക്കിൽ വെള്ളം കയറ്റുകയും അത് ചീറ്റുകയും ചെയ്യട്ടെ" (മുസ്‌ലിം)

## 2. ഇരുകൈകളും മുട്ടുകൾ ഉൾപ്പെടുത്തി കഴുകുക:

വിരലുകളുടെ അറ്റം മുതൽ രണ്ട് കൈകളും മുട്ടുകൾ ഉൾപ്പെടുത്തി കഴുകുക. അല്ലാഹു(ﷻ) പറഞ്ഞു:

... وأيديكم إلى المرافق ...

((.......മുട്ടുകൾവരെ രണ്ട് കൈകൾ കഴുകുകയും ചെയ്യുക.....))

അല്ലാഹുവിൻെറ റസൂൽ(ﷺ)യുടെ വുദ്വൂഇൻെറ രീതി വിവരിക്കവെ അബൂ ഹുറയ്റ(رضي الله عنه) പറഞ്ഞു:

(ثُمَّ غَسَلَ يدَهُ اليمنَى حَتى أَشْرَعَ فِي العضُدِ)

"പിന്നീട് അദ്ദേഹം വലതു കൈ കണം കയ്യിൽ പ്രവേശിക്കുന്നതുവരെ കഴുകി" (ഇബ്നു മാജഃ)

## 3. തലതടവൽ:

അല്ലാഹു(ﷻ) പറഞ്ഞു:

... وامسحوا برؤوسكم ...

((..........നിങ്ങളുടെ തലകൾ തടവുകയും ചെയ്യുക.......))

കൈകൾ വെള്ളത്തിൽ മുക്കി തലതടവുക. കഴുകരുത്. അല്ലാഹുവിൻെറ റസൂൽ(ﷺ)യുടെ വുദ്വൂഇൻെറ രീതി വിവരിക്കവെ അബ്ദുല്ലാഹ് ഇബ്നു സെയ്ദ്(رضي الله عنه) പറഞ്ഞു:

(ثمَّ مسحَ رأْسهُ ، بيديهِ فأَقبلَ بهمَا وأدْبرَ ، بدأَ بمُقدِّمةِ رأْسِهِ حتّى ذهبَ بهما إلى قَفَاه ثُمَّ ردّهما إلى المكانِ إلىَ الّذي بدأَ منهُ)

'പിന്നീട് പ്രവാചകൻ തൻെറ കൈകൾ പിന്നോട്ടും മുന്നോട്ടും കൊണ്ടു പോയി തലതടവി. തലയുടെ മുന്നിൽനിന്ന് ആരംഭിക്കുകയും പിരടിവരെ തടവുകയും ആരംഭിച്ചിടത്തേക്ക് തിരിച്ച് കൊണ്ടുവരികയും ചെയ്തു' (ബുഖാരി)

**4. രണ്ടുകാലുകളും നെരിയാണികൾ ഉൾപ്പെടുത്തി കഴുകൽ:**

അല്ലാഹു(ﷻ) പറഞ്ഞു:

... وأرجلكم إلى الكعبين ...

«...നെരിയാണികൾ ഉൾപ്പെടുത്തി രണ്ടുകാലുകൾ കഴുകുകയും ചെയ്യുക...»

ചിലർ കാലിൻെറ മടമ്പ് കഴുകുന്നതിലും അവിടെ വെള്ളമെത്തിക്കുന്നതിലും അശ്രദ്ധ കാണിക്കാറുണ്ട്. അത് വുദ്വൂഇനെ ബാത്വിലാക്കും.അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(ويلٌ للأعقابِ من النَّار)

'(വുദ്വൂഅ് ചെയ്യുമ്പോൾ നനയാത്ത) മടമ്പുകാലുകൾക്ക് നരക ശിക്ഷയുണ്ട്.' (ബുഖാരി)

**4. ഫർദ്വുകൾ ക്രമപ്രകാരം ചെയ്യൽ:**

വിശുദ്ധ ക്വുർആനിൽ അല്ലാഹു(ﷻ) തുടങ്ങിയതുകൊണ്ട് തുടങ്ങുക. അല്ലാഹു(ﷻ) പറഞ്ഞു:

(يا أيها الذين آمنوا إذا قمتم إلى الصلاة فاغسلوا وجوهكم وأيديكم إلى المرافق وامسحوا برؤوسكم وأرجلكم إلى الكعبين)

((സത്യവിശ്വാസികളേ,നിങ്ങൾ നമസ്കാരത്തിനൊരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തലകൾ തടവുകയും നെരിയാണിയുൾപ്പെടെ രണ്ടുകാലുകൾ കഴുകുകയും ചെയ്യുക ...))

ജാബിർ(ﷺ)വിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ അല്ലാഹുവിൻെറ റസൂൽ(ﷺ) പറയുന്നു:

( ابْدَؤ بِمَا بَدَأَ اللهُ بِهِ )

'അല്ലാഹു ആരംഭിച്ചതു കൊണ്ട് ഞാൻ ആരംഭിക്കുന്നു'

**6. വുദ്വൂഇൻെറ ഫർദ്വുകൾ ഇടമുറിയാതെ ചെയ്യുക:**

അഥവാ വുദ്വൂഇൻെറ ഫർദ്വുകൾ തുടർച്ചയായി ചെയ്യുക. പരമാവധി വുദ്വൂഇൻെറ ഒരു അവയവം കഴുകിയ വെള്ളം ഉണങ്ങും മുമ്പ് അടുത്തത് ആരംഭിക്കുക. എന്നാൽ ഒരാൾ ഒരു അവയവം ശുദ്ധിയാക്കിക്കൊണ്ടിരിക്കുമ്പോൾ മുമ്പ് ശുദ്ധിയാക്കിയ അവയവം ഉണങ്ങി, അല്ലെങ്കിൽ പെട്ടെന്ന് വെള്ളം നിലച്ചുപോയി, താമസം വിനാ വെള്ളം ലഭിക്കുകയും ചെയ്തു, അത്തരം ഇടമുറിച്ചിൽ കൊണ്ട് കുഴപ്പമില്ല.

**<u>കുറിപ്പ്:</u>**

തീപൊള്ളലേൽക്കുക അല്ലെങ്കിൽ ബാൻേറജിടുക തുടങ്ങിയ കാരണങ്ങളാൽ ഒരാൾക്ക് വെള്ളം ഉപയോഗിക്കുവാൻ കഴിയാതെ വന്നാൽ അതിന്മേൽ തടവിയാൽ മതിയാകും. നിർബന്ധമായി വെള്ളമെത്തേണ്ട ഒരു അവയവം മനഃപ്പൂർവ്വം ഒരാൾ ഉപേക്ഷിച്ച് നമസ്കരിച്ചാൽ അയാൾ പ്രസ്തുത നമസ്കാരം മടക്കി നിർവ്വഹിക്കണം. കാരണം ഒരാൾ നമസ്കരിക്കുന്നത് അല്ലാഹുവിൻെറ റസൂൽ(ﷺ) കണ്ടു, അയാളുടെ പുറം കാലിൽ ഒരു ദിർഹമിൻെറ വലിപ്പത്തിൽ വെള്ളം നനഞ്ഞിരുന്നില്ല. അപ്പോൾ അദ്ദേഹ

ത്തോട് നബി(ﷺ) വുദ്വൂഉം നമസ്കാരവും മടക്കി നിർവ്വഹിക്കുവാൻ കൽപിച്ചു. (അഹ്മദ്)

## വുദ്വൂഇന്റെ രൂപം

**1. നിയ്യത്ത് കരുതുക:**

നിയ്യത്തിൻെറ സ്ഥാനം ഹൃദയമാകുന്നു. അത് ചൊല്ലി പറയൽ ബിദ്അത്താണ്. നിയ്യത്ത് അമലുകൾ സ്വീകരിക്കുവാനുള്ള ശർത്വാകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إِنَّما الأَعمالُ بِالنيات وَإِنَّما لكُلِّ امْرِئٍ مَا نَوى )

'തീർച്ചയായും കർമ്മങ്ങൾ (സ്വീകരിക്കപ്പെടുന്നത്) നിയ്യത്തുകൾ കൊണ്ട് മാത്രമാണ്. ഓരോ മനുഷ്യനും താൻ എന്താണോ നിയ്യത്ത് ചെയ്തത് അതാണുള്ളത്.' (ബുഖാരി)

**2. 'ബിസ്മി' ചൊല്ലൽ:**

വുദ്വൂഇൻെറ അവസരത്തിൽ 'ബിസ്മി' ചൊല്ലേണ്ടതാകുന്നു. ചില പണ്ഡിതന്മാർ 'ബിസ്മി' ചൊല്ലൽ വാജിബാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لا صلاةَ لمنْ لا وُضوءَ لَهُ وَلاَ وُضُوءَ لمنْ لم يذكُرْ اسمَ اللهِ عَلَيهِ)

'വുദ്വൂഅ് ഇല്ലാത്തവന് നമസ്കാരമില്ല, ആരംഭത്തിൽ അല്ലാഹുവിൻെറ നാമം സ്മരിക്കാത്തവന് (പൂർണ്ണ) വുദ്വൂഅ് ഇല്ല.' (അഹ്മദ്, അബൂദാവൂദ്)

പണ്ഡിതന്മാരിൽ മറ്റൊരു വിഭാഗം 'ബിസ്മി' ചൊല്ലൽ സുന്നത്താണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഏതായാലും നാം 'ബിസ്മി' കൊണ്ട് ആരംഭിക്കുകയാണ് വേണ്ടത്, എന്നാൽ അറിവില്ലാതെയോ മറന്നോ ഒരാൾ 'ബിസ്മി' ഉപേക്ഷിച്ചാൽ പ്രശ്നമില്ല.

**3. വുദ്വൂഇൻെറ ആദ്യത്തിൽ മുൻകൈകൾ മൂന്നു പ്രാവശ്യം കഴുകൽ:**

മുൻകൈകൾ രണ്ടും കഴുകിക്കൊണ്ട് വുദ്വൂഅ് ആരംഭിക്കുക. അല്ലാഹുവിൻെറ റസൂൽ(ﷺ) മൂന്ന് പ്രാവശ്യം മുൻകൈകൾ കഴുകുന്നത് കണ്ടതായി ഔസ് ഇബ്നു അബീ ഔസ്(رضي الله عنه) തൻെറ പ്രപിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ കാണാം. കൈവിരലുകൾ ഇടകോർത്തു കഴുകൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذا قُمتَ إلى الصلاةِ فَأَسْبِغِ الْوُضُوءَ وَاجْعَلِ الْمَاءَ بَيْنَ أَصَابِعِ يَدَيْكَ وَرِجْلَيْكَ )

'നിങ്ങൾ നമസ്കരിക്കുവാൻ ഉദ്ദേശിച്ചാൽ വുദ്വൂഅ് എടുക്കുക, കൈകാലുകളുടെ വിരലുകൾക്കിടയിൽ വെള്ളം ചേർത്ത് കഴുകുകയും ചെയ്യുക.' (ഇബ്നു മാജഃ)

**4. വായിൽ വെള്ളം ചുഴറ്റി തുപ്പലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും:**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( فَمَضْمِضْ وَاستَنْشِقْ وَاستَنْثِرْ مِنْ ثَلاثِ غرفاتٍ )

'നീ മൂന്നു കോരൽ വെള്ളംകൊണ്ട് വായിൽ വെള്ളം കൊള്ളുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക' (അബൂ ദാവൂദ്) വുദ്വൂഇൻെറ അവസരത്തിൽ മിസ്‌വാക്ക് ചെയ്യൽ സുന്നത്താകുന്നു.

**5. മുഖം മൂന്ന് പ്രാവശ്യം കഴുകുക:**

മുഖം കഴുകേണ്ടത് തലയിൽ മുടിമുളച്ച് തുടങ്ങുന്ന ഭാഗം മുതൽ താടിയെല്ലിൻെറ താഴ്ഭാഗം വരേയും, രണ്ട് ചെവിക്കുറ്റികൾക്കിടയിലുള്ള ഭാഗവുമാകുന്നു.

അല്ലാഹു(ﷻ) പറഞ്ഞു:

...فاغسلوا وجوهكم ...

((.......അപ്പോൾ നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ കഴുകുക.........)) താടിരോമങ്ങൾക്കിടയിൽ വിരൽ കോർത്ത് വെള്ളം ചേർത്ത് കഴുകൽ പ്രവാചകൻ (ﷺ)യുടെ സുന്നത്തിൽ പെട്ടതാകുന്നു.

**6. രണ്ടുകൈകൾ മുട്ടുകൾ ഉൾപ്പെടുത്തി മൂന്ന് പ്രാവശ്യം കഴുകുക:**

കൈവിരൽ തുമ്പുകൾ മുതൽ മുട്ടിന്റെ അറ്റം വരെ കഴുകണം; അല്ലാഹുവിന്റെ റസൂൽ(ﷺ) വുദ്വൂഅ് ചെയ്തതിന്റെ രൂപം ഉഥ്മാൻ ഇബ്നു അഫ്ഫാൻ(رضي الله عنه) വിവരിക്കുന്നത് ഇപ്രകാരമാണ്.

**7. തലമുഴുവനും രണ്ട് ചെവികൾ ഉൾപ്പെടുത്തി ഒരു തവണ തടവുക:**

തലയുടെ മുൻഭാഗം മുതൽ പിരടി വരെ തടവുക, ശേഷം തടവൽ ആരംഭിച്ചിടത്തേക്ക് തിരിച്ച് തടവുക. പ്രവാചകൻ(ﷺ)യുടെ വുദ്വുവിനെക്കുറിച്ച് അബ്ദുല്ലാഹ് ഇബ്നു സെയ്ദ്(رضي الله عنه)വിവരിച്ചത് ഇപ്രകാരമാകുന്നു. അതിന് ശേഷം ചെവിതടവുക, പ്രവാചകൻ(ﷺ)യുടെ വുദ്വുവിനെക്കുറിച്ച് അബ്ദുല്ലാഹ് ഇബ്നു ഉമർ(رضي الله عنه) വിവരിച്ചത് ഇപ്രകാരമാകുന്നു:

( ثُمَّ مَسح برأْسِهِ ، فَأَدخَلَ إِصْبِعَيْهِ السباحتينِ فِي أُذُنَيهِ، وَمَسَحَ بِإِبْهَامَيْهِ عَلى ظَاهِرِ أُذُنَيْهِ وبِالسباحتَيْنِ بَاطِنَ أُذُنَيْهِ )

(പ്രവാചകൻ(ﷺ) വുദ്വു ചെയ്യുന്ന അവസരത്തിൽ) തല തടവി, പിന്നീട് ചൂണ്ടുവിരലുകൾ രണ്ടുചെവികൾക്കുള്ളിൽ പ്രവേശിപ്പിച്ചു. തന്റെ തള്ളവിരലുകൾ കൊണ്ട് ചെവികൾക്ക് പുറത്തും ചൂണ്ടുവിരലുകൾ കൊണ്ട് ചെവിയുടെ ഉൾഭാഗവും തടവി. (അബൂ ദാവൂദ്)

**8. രണ്ടുകാലുകൾ നെരിയാണികൾ ഉൾപ്പെടുത്തി കഴുകൽ:**

പ്രവാചകൻ(ﷺ)യുടെ ചര്യയനുസരിച്ച് കാല് കഴുകുമ്പോൾ മേൽ ഭാഗവും അടിഭാഗവും കഴുകണം. ഉഥ്മാൻ ഇബ്നു അഫ്ഫാൻ(رضي الله عنه)വിൽ നിന്ന് നിവേദനം:

( ثمّ غسلَ رجلَهُ اليمنَى إِلى الكعبينِ ثلاثَ مرّاتٍ ثُمّ غسلَ اليُسرى مثلَ ذلك )

'പിന്നീട് പ്രവാചകൻ(ﷺ) തന്റെ വലതുകാൽ ഞെരിയാണിയുൾപ്പെടുത്തി മൂന്ന് തവണ കഴുകി, ശേഷം ഇടതുകാലും അപ്രകാരം കഴുകി.'(മുസ്ലിം)

## വുദ്വൂഇന്റെ സുന്നത്തുകൾ

**1. ബിസ്മി ചൊല്ലൽ:** ചില പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് വുദ്വൂഇൻെറ ആരംഭത്തിൽ ബിസ്മി ചൊല്ലൽ വാജിബാകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لا صلاةَ لمنْ لا وُضوءَ لَهُ وَلاَ وُضُوءَ لمنْ لم يذكُرْ اسمَ اللهِ عَلَيهِ)

'വുദ്വൂഇല്ലാത്തവന് നമസ്കാരമില്ല, ആരംഭത്തിൽ അല്ലാഹുവിൻെറ നാമം സ്മരിക്കാത്തവന് (പൂർണ്ണ) വുദ്വൂഅ് ഇല്ല.' (അഹ്മദ്, അബൂദാവൂദ്)

മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ഇത് സുന്നത്താകുന്നു. അതിന് അവർ തെളിവ് പിടിക്കുന്നത് പ്രവാചകൻ(ﷺ)യുടെ വുദ്വൂവിൻെറ രൂപം ഉദ്ധരിച്ചവരിൽ അധികമാളുകളും പ്രവാചകൻ(ﷺ) ബിസ്മി ചൊല്ലിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതാണ്. ശൈഖ് ഇബ്നു ഉഥൈമീൻ പറഞ്ഞു: 'ബിസ്മിചൊല്ലൽ നിർബന്ധമായിരുന്നുവെങ്കിൽ അത് നമ്മെ (വിശുദ്ധക്വുർആനിലും, തിരുസുന്നത്തിലും) ഉണർത്തുമായിരുന്നു'.

**2. മിസ്വാക്ക് ചെയ്യൽ:** വുദ്വൂഇൻെറ അവസരത്തിൽ മിസ്വാക്ക് ചെയ്യൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لولا أنْ أشُقّ على أُمَّتِي لأمرتُهُمْ بالسِّواك عند كلِّ صلاةٍ)

'എൻെറ ഉമ്മത്തികൾക്ക് പ്രയാസകരമാകില്ലായിരുന്നു എങ്കിൽ എല്ലാ നമസ്കാരത്തിൻെറ അവസരത്തിലും മിസ്വാക്ക് ചെയ്യാൻ ഞാൻ അവരോട് കൽപ്പിക്കുമായിരുന്നു.' (ബുഖാരി)

**3. രണ്ട് മുൻകൈകളും കഴുകുക:** വുദ്വൂഅ് ആരംഭിക്കുന്നതിന് മുമ്പ് മുൻകൈകൾ രണ്ടും മൂന്ന് പ്രാവശ്യം കഴുകൽ സുന്നത്താകുന്നു. ഉറക്കിൽ നിന്ന് എഴുന്നേറ്റയാൾ ഇപ്രകാരം മുൻകൈകൾ കഴുകുകതന്നെ വേണം. കാരണം അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞിരിക്കുന്നു:

(وَإِذَا استيقظ أحدُكُم منْ نَومِهِ فلْيغْسِل يَديهِ قبلَ أَنْ يُدْخِلَهُمَا فِي الإِنَاءِ ثَلاَثاً)

'നിങ്ങളിലാരെങ്കിലും ഉറക്കിൽനിന്ന് എഴുന്നേറ്റാൽ (വെള്ള) പാത്രത്തിലേക്ക് കൈകൾ പ്രവേശിപ്പിക്കുന്നതിന്മുമ്പ് മൂന്ന് പ്രാവശ്യം കഴുകുക'(ബുഖാരി)

**4. മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ:** പരമാവധി മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( وبَالغْ فِي الاسْتِنشاق إلاّ أن تكون صائماً )

'നിങ്ങൾ മൂക്കിൽ പരമാവധി വെള്ളം കയറ്റി ചീറ്റുക, നിങ്ങൾ നോമ്പുകാരൻ അല്ലെങ്കിൽ' (അബൂ ദാവൂദ്)

**5. താടിരോമങ്ങൾ ചികറ്റിക്കഴുകുക**:വുദ്വൂവിൽ മുഖം കഴുകുന്ന അവസരത്തിൽ പ്രവാചകൻ(ﷺ) താടിരോമങ്ങൾ ഇടകോർത്ത് കഴുകുമായിരുന്നു.

**6. കൈകാൽ വിരലുകൾ അകറ്റി കഴുകുക:** കൈ കാലുകൾ കഴുകുന്ന അവസരത്തിൽ വിരലുകൾ അകറ്റിക്കഴുകൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذا توَضّأتَ فخلّلْ بينَ أصابع يديكَ ورجليكَ )

'നീ വുദൂഅ് എടുക്കുമ്പോൾ കൈകാൽ വിരലുകൾ വിടർത്തി കഴുകുക.' (തിർമുദി)

**7. അവയവങ്ങൾ തേച്ചുകഴുകുക**: അവയവങ്ങളിൽ വെള്ളം ഒഴുക്കുന്നതോടൊപ്പം കൈകൊണ്ട് തേച്ച് കഴുകുകയും ചെയ്യുക. അബ്ദുല്ലാഹ് ഇബ്നു സെയ്ദ്(ﷺ) പറയുന്നു:

(أَنَّ النبيَّ ﷺ أُتِيَ بثلثيْ مدِّ ماءٍ فتوضأ فجعل يَدلكُ ذِراعيه)

'നബി(ﷺ)ക്ക് ഒരു മുദ്ദിൻെറ മൂന്നിൽ രണ്ട് ഭാഗം വെള്ളം കൊണ്ടുവരപ്പെട്ടു. അതിൽനിന്ന് അദ്ദേഹം വുദ്വൂഅ് എടുത്തു. തൻെറ മുഴം കൈകൾ ഉരച്ച് കഴുകുവാൻ തുടങ്ങി' (ഇബ്നു ഹിബ്ബാൻ)

**8. വലതുഭാഗം കൊണ്ട് ആരംഭിക്കുക:** വുദ്വൂഇൻെറ അവയങ്ങളിൽ ‌ലതു കൊണ്ട് ആരംഭിക്കൽ സുന്നത്താകുന്നു. ആഇശ(ﷺ) പറയുന്നു:

( كانَ النبيُّ ﷺ يعجِبهُ التيمُّنَ في تنعُّلِهِ وترجُّلِهِ وطهوره وفي شأنِهِ كُلِّهِ )

'നബി(ﷺ) ചെരിപ്പ് ധരിക്കുമ്പോഴും, മുടി ചീകുമ്പോഴും, ശുദ്ധിയെടുക്കു മ്പോഴും അദ്ദേഹത്തിൻെറ മറ്റുകാര്യങ്ങളിൽ മുഴുവനും വലതുകൊണ്ട് തുടങ്ങൽ അദ്ദേഹത്തെ വളരെ ഇഷ്ടപ്പെടുത്തിയിരുന്നു.' (ബുഖാരി)

**9. വുദ്വൂഇന് ശേഷമുള്ള 'ദിക്ർ' ചൊല്ലൽ:** ഉമർ(رضي الله عنه)വിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞിരിക്കുന്നു:

( ما منكم من أحدٍ يتوضَّأُ فيبلغ أو فيسبغ الوضوءَ ثمَّ يقول: أَشْهَدُ أَنْ لاَ إِلـَهَ إِلاَّ اللهُ وَأَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ ، إِلاَّ فُتِحَتْ لَهُ أَبْوَابُ الْجَنّة الثَّمانِيَةِ ، يدخُلُ مِنْ أَيِّهَا شَاءَ )

'നിങ്ങളിൽ ആരും തന്നെ ഇല്ല; താൻ വുദ്വൂവെടുക്കുകയും, അത് പരിപൂർണ്ണമാക്കിയതിന് ശേഷം-

أَشْهَدُ أَنْ لاَ إِلـَهَ إِلاَّ اللهُ وَأَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ

(അർത്ഥം: അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനായി ആരുമില്ലെന്നും മുഹമ്മദ് അവൻെറ ദാസനും തിരുദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)

എന്ന് പറയുകയും ചെയ്യാതെ, അയാൾക്ക് സ്വർഗ്ഗത്തിൻെറ എട്ട് കവാടങ്ങളും തുറക്കപ്പെടും. താൻ ഉദ്ദേശിക്കുന്നതിലൂടെ അയാൾക്ക് (സ്വർഗ്ഗത്തിൽ) പ്രവേശിക്കുകയും ചെയ്യാം.' (മുസ്ലിം)

**10. രണ്ടോ മൂന്നോ തവണ കഴുകൽ:** ഒരു പ്രാവശ്യം കഴുകൽ നിർബന്ധമാണ്. രണ്ടും മൂന്നും പ്രാവശ്യം കഴുകൽ സുന്നത്താകുന്നു. എന്നാൽ തലമുഴുവനും രണ്ട് ചെവികൾ ഉൾപ്പെടുത്തി ഒരു തവണയാണ് തടവേണ്ടത്. ഒന്നിലധികം തവണ തടവൽ സുന്നത്തല്ല.

**11. വുദൂഇനു ശേഷം രണ്ട് റക്അത്ത് നമസ്കരിക്കൽ:** സ്വഹീഹുൽ ബുഖാരിയിലും മുസ്ലിമിലും ഈ വിഷയത്തിൽ ഹദീഥുകൾ വന്നിട്ടുണ്ട്.

## വുദ്വൂഇൽ മക്റൂഹായ കാര്യങ്ങൾ

**1. അനാവശ്യമായി മൂന്നിൽ കൂടുതൽ തവണ കഴുകൽ:** അല്ലാഹുവിന്റെ റസൂൽ(ﷺ) വുദ്വൂഅ് എടുത്തതിന് ശേഷം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:

(هذا الوضوء فمن زاد على هذا فقد أساء وتعدّى وظلم)

'ഇതാണ് വുദ്വു, ഇതിനേക്കാൾ ആരെങ്കിലും വർദ്ധിപ്പിച്ചാൽ അവൻ തിന്മ ചെയ്തു, അതിരുവിട്ടു, ആക്രമിച്ചു' (ഇബ്നുമാജ)

**2. വുദൂഇന്റെ സുന്നത്ത് ഒഴിവാക്കുക:** കാരണം അത് പ്രതിഫലം കുറയുന്നതിന് കാരണമാകും.

**3. വെള്ളം ദുർവ്യയം ചെയ്യൽ:** അല്ലാഹുവിന്റെ റസൂൽ(ﷺ) ഒരു മുദ്ദ് വെള്ളത്തിൽ വുദ്വൂഅ് ചെയ്യുമായിരുന്നു.

**4. നജസുള്ള സ്ഥലത്ത് വുദൂഅ് ചെയ്യൽ:** നജസ് ശരീരത്തിൽ ഏൽക്കുന്നത് ഭയക്കുന്നതിനാലാണ് ഇത്.

## വുദ്വൂഅ് മുറിയുന്ന കാര്യങ്ങൾ

**1. മുൻപിൻദ്വാരങ്ങളിലൂടെ വല്ലതും പുറപ്പെടൽ:**

(പുറപ്പെടുന്നത് നജസായാലും അല്ലെങ്കിലും) പുറപ്പെടുന്നത് മനിയ്യ് (ബീജം) ആണെങ്കിൽ അപ്പോൾ കുളി നിർബന്ധമാകും.

**2. ഗാഢമായ ഉറക്കം:**

അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു:

( وكاء السه العينان فمنْ نامَ فَلْيتوضَّأْ )

'രണ്ടു കണ്ണുകൾ മലദ്ധ്വാരത്തി (ലൂടെ വല്ലതും പുറപ്പെടുന്നത് തടയുന്നതി) ന്റെ അടപ്പാകുന്നു, അതിനാൽ ആരെങ്കിലും ഉറങ്ങിയാൽ അവൻ വുദ്വൂഅ് ചെയ്യട്ടെ.' (അബൂദാവൂദ്) നേരിയ ഉറക്കം വുദ്വൂഇനെ നഷ്ടപ്പെടുത്തുകയില്ല.

**3. ബോധം നശിക്കൽ:**

ഭ്രാന്ത്, ബോധക്ഷയം, ലഹരി, രോഗം തുടങ്ങിയ കാരണങ്ങളാൽ ബോധം നഷ്ടപ്പെട്ടാൽ അത് ഉറക്കിനേക്കാൾ വുദ്വൂഇനെ നഷ്ടപ്പെടുത്തുവാൻ കാരണമാകും. മാത്രവുമല്ല, വുദ്വൂഇനെ നഷ്ടപ്പെടുത്തുന്ന വല്ലതും തന്നിൽ നിന്ന് സംഭവിച്ചിട്ടുണ്ടോ എന്ന് അവന് അറിയുകയുമില്ല.

**5. ലൈംഗീകാവയവങ്ങൾ സ്പർശിക്കൽ:**

(കൈപള്ള കൊണ്ട് മറകൂടാതെ മനുഷ്യരുടെ മുൻദ്വാരമോ പിൻ ദ്വാരമോ സ്പർശിച്ചാൽ അത് വുദ്വൂഇനെ നഷ്ടപ്പെടുത്തും) അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذا مسّ أَحدُكمْ ذكرهُ فَلْيَتوضّأْ )

'നിങ്ങളിൽ ഒരാൾ തൻെറ ഗുഹ്യാവയവം സ്പർശിച്ചാൽ അവൻ വുദ്വു ചെയ്യട്ടെ' (ഇബ്നു മാജഃ)

**5. ഒട്ടകത്തിൻെറ മാംസം ഭക്ഷിക്കൽ:**

ഒട്ടകത്തിൻെറ മാംസം വേവിച്ചതാണെങ്കിലും അല്ലെങ്കിലും അത് ഭക്ഷിച്ചാൽ വുദ്വൂഅ് നഷ്ടപ്പെടും. ജാബിർ ഇബ്നു സമുറ(ﷺ)വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: നബി(ﷺ) ചോദിക്കപ്പെട്ടു:

(أنتوضّأُ منْ لُحُومِ الْإِبل ؟ قالَ: نعم قالَ: أنتوضّأُ منْ لُحُومِ الغنمِ؟ قالَ: إِن شِئْتَ)

'ഞങ്ങൾ ഒട്ടകമാംസം തിന്നാൽ വുദ്വൂഅ് ചെയ്യേണമോ? അദ്ദേഹം പറഞ്ഞു: അതെ. ഞങ്ങൾ ആടിൻെറ മാംസം തിന്നാൽ വുദ്വൂഅ് ചെയ്യേണമോ? അദ്ദേഹം പറഞ്ഞു: നീ ഉദ്ദേശിക്കുന്നുവെങ്കിൽ.' (മുസ്ലിം)

**6. ഇസ്ലാംമതം ഉപേക്ഷിക്കൽ:**

അഥവാ ഇസ്ലാമിൽ നിന്ന് പുറത്താക്കുന്ന കാര്യങ്ങൾ (നവാക്വിദ്വുൽ ഇസ്ലാം) പ്രവൃത്തിക്കലാകുന്നു.

അല്ലാഹു(ﷻ) പറഞ്ഞു:

... لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ ...

“........(അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം നിൻെറ കർമ്മം നിഷ്ഫലമായിപ്പോകും........” (വി.ക്വു. 39:65) അപ്പോൾ ശിർക്ക് കർമ്മങ്ങളെ തകർക്കും; വുദ്വൂഅ് ഒരു കർമ്മമാണ്.

## ശുദ്ധീകരിക്കുവാൻ ഒന്നും ലഭിക്കാത്തവന്റെ വിധി.

വുദ്വൂഅ് ചെയ്യുവാനും തയമ്മും നിർവ്വഹിക്കുവാനും കഴിയാത്തവിധം ഒരാൾ ഒരിടത്ത് തടഞ്ഞുവെക്കപ്പെട്ടു. നമസ്കാര സമയം അവസാനിക്കുമെന്ന് അയാൾ ഭയന്നു, അത്തരക്കാർക്ക് എങ്ങനെയാണോ നമസ്കരിക്കുവാൻ കഴിയുന്നത് അപ്രകാരം നമസ്കരിക്കുക. പിന്നീട് മടക്കേണ്ടതില്ല. ശുദ്ധിയാകുവാൻ കഴിയുന്നതുവരെ നമസ്കാരം സമയം കഴിഞ്ഞും പിന്തിപ്പിക്കുവാൻ പാടില്ല. അല്ലാഹു(ﷻ) പറഞ്ഞു:

فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ

‘അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക......’ അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( أيُّما رجُلٍ منْ أُمَّتي أدْرَكَتْهُ الصلاة فَلْيُصَلِّ )

‘എൻെറ സമുദായത്തിൽ ഏതൊരാൾക്ക് നമസ്കാരം വന്നെത്തിയോ അയാൾ നമസ്കാരം നിർവ്വഹിക്കട്ടെ’ (ബുഖാരി)

## സംശയിച്ചവന്റെ വിധി

ഒരാൾ വുദ്വൂഇൽനിന്ന് വിരമിച്ചു. പിന്നീട് ഏതെങ്കിലും ഒരു വുദ്വൂഇൻെറ ഫർദ്വ് താൻ ചെയ്തുവോ അതല്ല നഷ്ടപ്പെടുത്തിയോ എന്ന് സംശയിച്ചു; ഉറപ്പില്ല. എങ്കിൽ അയാൾ ആ സംശയത്തിലേക്ക് നോക്കേണ്ടതില്ല. നഷ്ടപ്പെടുത്തി എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം അയാൾ വുദ്വൂഅ് പുതുക്കിയാൽ മതി. ഒരാൾ മറന്ന് വുദ്വൂഅ് ഇല്ലാതെ നമസ്കരിച്ചു, എങ്കിൽ അയാൾ വുദ്വൂഅ് എടുത്ത് വീണ്ടും നമസ്കരിക്കണം. ഒരാൾ വുദ്വൂഅ് എടുത്ത് ശുദ്ധിവരുത്തിയവനായിരുന്നു. പിന്നീട് വുദ്വൂഅ് നഷ്ടപ്പെട്ടോ ഇല്ലയോ എന്ന് സംശയിച്ചു, എങ്കിൽ സംശയം വെടിഞ്ഞ് അയാൾ (ശുദ്ധിയിലാണ് എന്ന) ഉറപ്പ് സ്വീകരിക്കണം. ഒരാൾ വുദ്വൂഅ് ചെയ്ത് ശുദ്ധിവരുത്താ

ത്തവനായിരുന്നു, പിന്നീട് വുദ്വൂഅ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് സംശയിച്ചു. അയാൾ സംശയം വെടിഞ്ഞ് വുദ്വൂഅ് ചെയ്ത് ശുദ്ധിവരുത്തകയാണ് വേണ്ടത്.

## നമസ്കാരത്തിന്റെ പ്രാധാന്യം

ശഹാദത്ത് കലിമകൾക്ക് (സാക്ഷ്യവചനങ്ങൾക്ക്)ശേഷം ദീനിന്റെ പ്രധാനസ്തംഭവും, ദീനിന്റെ നെടും തൂണുമാണ് നമസ്കാരം. നമസ്കാരം നമുക്ക് മതമാക്കി കൽപിച്ചു കൊണ്ട് അല്ലാഹു(ﷻ) പറഞ്ഞു:

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاء وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ وَذَلِكَ دِينُ الْقَيِّمَةِ (سورة البينة :5)

(കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം.) (വി.ക്വു. 98: 5)

حَافِظُواْ عَلَى الصَّلَوَاتِ والصَّلاَةِ الْوُسْطَى ··· (سورة البقرة :238)

"നമസ്കാരങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിച്ചു പോരേണ്ടതാണ് . . ." (അൽബക്വറ:238)

وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ وَارْكَعُواْ مَعَ الرَّاكِعِينَ (سورة البقرة :43)

"നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സക്കാത്തു നൽകുകയും (അല്ലാഹുവിന്റെ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ." (അൽബക്വറ: 43)

إِلَّا الْمُصَلِّينَ * الَّذِينَ هُمْ عَلَى صَلَاتِهِمْ دَائِمُون (سورة المعارج:22,23)

'നമസ്കരിക്കുന്നവരൊഴികെ അതായത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരമായി നിഷ്ഠയുള്ളവരും' (അൽമആരിജ്: 22,23)

## നമസ്കാരത്തിന്റെ പ്രത്യേകതകൾ

1. **ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തേത് നമസ്കാരമാണ്.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«بُنِيَ الإِسْلامُ على خمْسٍ، شَهادةِ أَنْ لا إِلـَهَ إلاَّ الله وَأَنَّ مُحَمَّداً رسولُ الله، وَإِقـامِ الصـلاةِ، وَإِيتـاءِ الزكاةِ، وَالْحَجِ، وَصَوْمِ رَمضانَ»

'ഇസ്ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു;

أَشْهَدُ أَنْ لاَ إِلـَهَ إلاَّ الله وَأَنَّ مُحَمَّداً رَسُولُ اللهِ

എന്നീ രണ്ട് സാക്ഷ്യവചനങ്ങൾ, നമസ്കാരം നേരാംവിധം നിലനിർത്തൽ, സകാത്ത് കൊടുക്കൽ, ഹജ്ജ് ചെയ്യൽ, റമദ്വാനിലെ നോമ്പ് നോൽക്കൽ' (ബുഖാരി, മുസ്ലിം)

**2. നമസ്കാരം ആരാധനാകർമ്മങ്ങളുടെ മാതാവും ഉത്തമകർമ്മവുമത്രേ.**

ഉത്തമകർമ്മം ഏതെന്ന ചോദ്യത്തിന് പ്രതികരിച്ചു കൊണ്ട് അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

« الصلاةُ عَلَى وَقتِها»

'നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കുക' (മുസ്ലിം)

**3. നമസ്കാരം പാപം കഴുകുവാനും പരിശുദ്ധി വരിക്കുവാനും നമുക്കൊരു പുഴയത്രേ.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«أرأيتُمْ لو أنَّ نهراً ببابِ أحدِكم يَغتسِلُ فيه كلَّ يومٍ خَمساً ما تَقولُ: ذلك يُبقي من دَرَنه؟ قـالوا: لا يُبْقي من دَرَنِه شيئاً. قال: فذلك مَثَلُ الصلواتِ الخمسِ يَمحو الله بها الْخَطايا»

**4.** 'നിങ്ങളിൽ ഒരാളുടെ വീട്ടു പടിയിലൂടെ ഒരു നദി ഒഴുകുകയും അതിൽ അയാൾ ദിനംപ്രതി അഞ്ചുതവണ കുളിക്കുകയും ചെയ്താൽ അദ്ദേഹത്തിൽ വല്ല മാലിന്യവും അവശേഷിക്കുമോ?' അവർ പറഞ്ഞു: 'മാലിന്യമൊന്നും അവശേഷിക്കില്ല.' അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു: 'എങ്കിൽ

അതത്രേ അഞ്ചു നമസ്കാരങ്ങളുടെ ഉപമ. അവയെക്കൊണ്ട് അല്ലാഹു പാപങ്ങൾ മായിച്ചുകളയും.' (ബുഖാരി, മുസ്ലിം)

**5. നമസ്കാരം കുറ്റകൃത്യങ്ങൾക്കും പാപങ്ങൾക്കുമുള്ള പ്രായശ്ചിത്തമാകുന്നു.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(( الصَّلاَةُ الْخَمْسُ. وَالْجُمُعَةُ إِلَى الْجُمُعَةِ. كَفَّارَةٌ لِمَا بَيْنَهُنَّ. مَا لَمْ تُغْشَ الْكَبَائِرُ ))

'വൻപാപങ്ങൾ ചെയ്യാത്തിടത്തോളം കാലം അഞ്ചുനേരത്തെ നമസ്കാരങ്ങളും ഒരു ജുമഅഃ മുതൽ അടുത്ത ജുമഅഃയും (ചെറുപാപങ്ങൾക്കുള്ള) പ്രായശ്ചിത്തമത്രേ.' (മുസ്ലിം)

**6. നമസ്കാരം, സ്വർഗ്ഗപ്രവേശനത്തിന് അല്ലാഹു(ﷻ)യിൽ നിന്നുള്ള വാഗ്ദാനമാകുന്നു.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( خَمْسُ صَلَوَاتٍ كَتَبَهُنَّ اللهُ عَلَى الْعِبَادِ، فَمنْ جَاءَ بِهِنَّ لَمْ يُضَيِّعْ مِنْهُنَّ شَيْئاً اسْتَخْفَافاً بِحَقِّهِنَّ كَانَ لَهُ عِنْدَ اللهِ عَهْدٌ أَنْ يُدْخِلَهُ الْجَنَّةَ، ....)

'അഞ്ചു നമസ്കാരങ്ങൾ അല്ലാഹു അടിയാറുകളുടെ മേൽ നിർബന്ധമാക്കിയിരിക്കുന്നു. ആരെങ്കിലും അവയുടെ അവകാശങ്ങൾ നിസ്സാരമാക്കാതെ, പാഴാക്കാതെ അവ നിർവ്വഹിച്ചാൽ അവനെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമെന്നത് അവന്ന് അല്ലാഹുവിൽനിന്നുള്ള വാഗ്ദാനമത്രേ......' (അബൂദാവൂദ്, അന്നിസാഈ)

**7. നമസ്കാരം അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്ന കർമ്മമത്രേ.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(أَوَّل ما يُحَاسبُ بِهِ الْعبدُ يَومَ القيامةِ الصلاة ، فَإِنْ صَلُحَتْ صَلُحَ لَهُ سَائِرُ عَملِهِ ، وَإِن فَسَدتْ فَسدَ سَائِرُ عملِهِ )

'ഒരു അടിമ അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെക്കുറിച്ചായിരിക്കും നമസ്കാരത്തിൻെറ കാര്യം അവന് ശരിയായാൽ മറ്റുള്ള കർമ്മങ്ങൾ എല്ലാം ശരിയായി. നമസ്കാരത്തിൻെറ കാര്യം കുഴപ്പത്തിലായാൽ മറ്റുള്ള കാര്യങ്ങളും കുഴപ്പത്തിലായി' (സ്വഹീഹുൽ ജാമിഅ്, അൽബാനി)

**7. നമസ്കാരം വെളിച്ചമാണ്.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( والصّلاةُ ضياءٌ )

"നമസ്കാരം വെളിച്ചമാണ്" (മുസ്ലിം)

**8. നമസ്കാരം അല്ലാഹുവിൻേറയും അടിമയുടേയും ഇടയിലെ സംഭാഷണമാണ്.**

ക്വുദ്സിയായ ഹദീസിൽ അല്ലാഹു(ﷻ) പറഞ്ഞു:

« قَسَمْتُ الصَّلاَةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ. وَلِعَبْدِي مَا سَأَلَ. فَإِذَا قَالَ الْعَبْدُ: قَالَ الله تَعَالَى: حَمِدَنِي عَبْدِي.......»

'ഞാൻ എൻേറയും എൻെറ അടിമയുടേയും ഇടയിൽ നമസ്കാരം രണ്ടാക്കി വിഭജിച്ചിരിക്കുന്നു. എൻെറ അടിമ എന്തു ചോദിക്കുന്നുവോ അത് അവനുള്ളതാണ്. അടിമ, الْحَمْدُ للهِ رَبِّ الْعَالَمِينَ എന്നു പറഞ്ഞാൽ അല്ലാഹു പറയും എൻെറ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു ....." (മുസ്ലിം).

**9. നമസ്കാരം നരകശിക്ഷയിൽനിന്നുള്ള രക്ഷയാകുന്നു.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«لَنْ يَلِجَ النَّارَ أَحَدٌ صَلَّى قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا» يَعْنِي الْفَجْرَ وَالْعَصْرَ.

"സൂര്യോദയത്തിൻേറയും അസ്തമയത്തിൻേറയും മുമ്പ് (സുബ്ഹി–അസ്വർ) നമസ്കരിച്ചവർ ആരും തന്നെ നരകത്തിൽ പ്രവേശിക്കുകയില്ല." (മുസ്ലിം)

**10. നമസ്കാരം ശിർക്കിൽനിന്നും കുഫ്റിൽനിന്നുമുള്ള രക്ഷയാകുന്നു.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصَّلاَةِ»

'നമസ്കാരം ഉപേക്ഷിക്കലാകുന്നു ഒരാളുടെയും ശിർക്കിൻേറയും കുഫ്റിൻേറയും ഇടയിലുള്ളത്.' (മുസ്‌ലിം)

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«الْعَهْدُ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلاَةُ فَمَنْ تَرَكَهَا فَقَدْ كَفَرَ»

'നമ്മളും അവിശ്വാസികളും തമ്മിലുള്ള ഉടമ്പടി നമസ്കാരമാകുന്നു. ആര് നമസ്കാരം ഉപേക്ഷിച്ചുവോ അവൻ അവിശ്വാസിയായി.'

**11. നമസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ കാപട്യത്തിൽനിന്നുള്ള രക്ഷയത്രേ.**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

ليسَ صَلاةٌ أثقلَ على المنافقين من الفَجرِ وَالعِشاءِ، وَلو يَعلمونَ ما فيهما لأتَوهما ولو حَبْواً

'സുബഹി, ഇശാഅ് എന്നീ രണ്ടു (ജമാഅത്ത്) നമസ്കാരങ്ങളേക്കാൾ കപടവിശ്വാസികൾക്ക് ഭാരിച്ച മറ്റൊന്നുമില്ല. അവ രണ്ടിലുമുള്ള പുണ്യം അവരറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞെങ്കിലും അവർ അതിലേക്ക് എത്തുമായിരുന്നു.' (ബുഖാരി,മുസ്‌ലിം)

**12. നമസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ സന്മാർഗ്ഗ ചര്യകളിൽ പെട്ടതത്രേ.**

ഇബ്നു മസ്ഊദ്(رضي الله عنه) പറഞ്ഞു.

(مَنْ سَرَّهُ أَنْ يَلْقَى اللهَ غَداً مُسْلِماً فَلْيُحَافِظْ عَلَى هٰؤُلاءِ الصَّلَوَاتِ حَيْثُ يُنَادَى بِهِنَّ. فَإِنَّ اللهَ شَرَعَ لِنَبِيِّكُمْ سُنَنَ الْهُدَىٰ وَإِنَّهُنَّ مِنْ سُنَنِ الْهُدَىٰ. وَلَوْ أَنَّكُمْ صَلَّيْتُمْ فِي بُيُوتِكُمْ كَمَا يُصَلِّي هٰذَا الْمُتَخَلِّفُ فِي بَيْتِهِ لَتَرَكْتُمْ سُنَّةَ نَبِيِّكُمْ. وَلَوْ تَرَكْتُمْ سُنَّةَ نَبِيِّكُمْ لَضَلَلْتُمْ. وَمَا مِنْ رَجُلٍ يَتَطَهَّرُ فَيُحْسِنُ الطُّهُورَ ثُمَّ يَعْمِدُ إِلَى مَسْجِدٍ مِنْ هٰذِهِ الْمَسَاجِدِ إِلاَّ كَتَبَ اللهُ لَهُ بِكُلِّ خَطْوَةٍ

يَخْطوَها حَسَنَةً. وَيَرْفَعُهُ بِهَا دَرَجَةً. وَيَحُطُّ عَنْهُ بِهَا سَيِّئَةً. وَلَقَـدْ رَأَيْتُنَـا وَمَـا يَتَخَلَّـفُ عَنْهَـا إِلاَّ مُنَافِقٌ، مَعْلُومُ النِّفَاقِ. وَلَقَدْ كَانَ الرَّجُلُ يُؤْتَى بِهِ يُهَادَىٰ بَيْنَ الرَّجُلَيْنِ حَتَّى يُقَامَ فِي الصَّفِّ)

''ആരെങ്കിലും അല്ലാഹുവിനെ മുസ്‌ലിമായിക്കൊണ്ട് നാളെ പരലോകത്തു വെച്ച് കണ്ടുമുട്ടാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ ഈ നമസ്കാരങ്ങൾക്ക് വേണ്ടി എവിടെ വിളിക്കപ്പെടുന്നുവോ അവിടെ വെച്ച് (പള്ളിയിൽ വെച്ച്) നിർവ്വഹിക്കട്ടെ. കാരണം അല്ലാഹു നിങ്ങളുടെ പ്രവാചകന് സന്മാർഗ്ഗത്തിൻെറ ചര്യകളത്രേ നിയമമാക്കിയിട്ടുള്ളത്. വീട്ടിൽ വെച്ച് വൈകി നമസ്കരിക്കുന്ന (ഒരാളിലേക്ക് ചൂണ്ടിക്കൊണ്ട്) അദ്ദേഹം പറഞ്ഞു:'ഇയാൾ നമസ്കരിക്കുന്നതു പോലെ നിങ്ങളെല്ലാവരും നിങ്ങളുടെ വീട്ടിൽവെച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകൻെറ ചര്യയെ ഉപേക്ഷിച്ചു. നിങ്ങൾ നിങ്ങളുടെ പ്രവാചകൻെറ ചര്യയെ ഉപേക്ഷിക്കുന്ന പക്ഷം നിങ്ങൾ വഴിപിഴച്ചു. ഏതൊരാൾ നല്ല രീതിയിൽ ശുദ്ധിയാകുന്നു; തുടർന്ന് പള്ളികളിൽ ഏതെങ്കിലും ഒരു പള്ളിയെ ലക്ഷ്യമിടുന്നു, എങ്കിൽ അദ്ദേഹത്തിൻെറ ഓരോ കാലടിക്കും അല്ലാഹു ഓരോ നന്മ രേഖപ്പെടുത്തുകയും ഓരോ സ്ഥാനം അദ്ദേഹത്തിന് ഉയർത്തുകയും അദ്ദേഹത്തിൻെറ ഓരോ തിന്മ മായിക്കുകയും ചെയ്യും. അറിയപ്പെട്ട കപടൻ മാത്രമാണ് (ജമാഅത്തായിട്ടുള്ള) നമസ്കാരത്തിൽ നിന്ന് പിന്തുന്നതായി ഞങ്ങൾ കണ്ടിട്ടുള്ളത്. (രോഗം കാരണത്താൽ ജമാഅത്തിൽ നിന്ന് വിട്ടുനിൽക്കുന്ന) ഒരാൾ രണ്ടു വ്യക്തികളാൽ ചുമക്കപ്പെടുകയും എന്നിട്ട് സ്വഫ്ഫിൽ കൊണ്ടുവന്ന് നിർത്തപ്പെടുകയും ചെയ്യാറുണ്ടായിരുന്നു.'' (മുസ്‌ലിം).

## നമസ്കാരം ഒരു ആമുഖം

ഇസ്‌ലാമിൽ ഏതൊരു ആരാധനയും, അതിൽ രണ്ട് നിബന്ധനകൾ ഒത്താലല്ലാതെ സ്വീകരിക്കപ്പെടുകയില്ല.

1. ആരാധനകളെല്ലാം അല്ലാഹുവിന് മാത്രമായിരിക്കൽ
2. ആരാധനകളെല്ലാം അല്ലാഹുവിൻെറ റസൂൽ(ﷺ)യുടെ ചര്യക്കനുസരിച്ചായിരിക്കൽ.

ഒരു മുസ്‌ലിം അനിവാര്യമായി അറിഞ്ഞിരിക്കേണ്ട നമസ്കാരത്തിന്റെ കാര്യങ്ങളാണ് ഇവിടെ ഉണർത്തുന്നത് നബി(ﷺ) നമസ്കാരം നിർവ്വഹിച്ചത് പോലെ നമസ്കരിക്കുന്നതിന് വേണ്ടിയാണിത്. അതാണല്ലോ അല്ലാഹുവിന്റെ റസൂൽ(ﷺ) നമ്മോട് കൽപിച്ചതും.

( صَلُّوا كَمَا رَأَيْتُمُونِي أُصَلِّي )

'ഞാൻ എങ്ങനെ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ അതുപോലെ നിങ്ങളും നമസ്കരിക്കുവീൻ' (ബുഖാരി)

## നമസ്കാരത്തിന്റെ ശർത്തുകൾ

**അവ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു:**

**ഒന്ന്: നമസ്കാരം സ്വീകാര്യമാകുവാനുള്ള ശർത്ത്വുകൾ**: അവ മൂന്നെണ്ണമാകുന്നു.

1. ഇസ്‌ലാം 2. ബുദ്ധി 3. വകതിരിവ്.

**രണ്ട്: നമസ്കാരം ശരിയാകുവാനുള്ള ശർത്ത്വുകൾ:** അവ ആറാകുന്നു.

1. സമയമാവുക.
2. വലുതും ചെറുതുമായ അശുദ്ധികളിൽനിന്ന് ശുദ്ധിയാവുക.
3. നമസ്കാരസ്ഥലം, നമസ്കരിക്കുന്നവന്റെ വസ്ത്രം, ശരീരം എന്നിവ നജസിൽ നിന്ന് ശുദ്ധിയായിരിക്കുക.
4. ഔറത്ത് (നഗ്നത) മറക്കുക.
5. ക്വിബ്‌ലക്ക് മുന്നിടുക.
6. നിയ്യത്ത്. (ഉച്ചരിക്കാതെ മനസ്സിൽ കരുതുക)

**കുറിപ്പ്:** മേൽപറഞ്ഞ ശർത്ത്വുകളിലേതെങ്കിലും ഒന്നിന് ഭംഗം വന്നാൽ നമസ്കാരം ശരിയാവുകയില്ല.

## നമസ്കാരത്തിന്റെ റുക്നുകൾ

**അവ പതിനാലാകുന്നു:**

1. കഴിവുള്ളവൻ ഫർദ് നമസ്കാരത്തിൽ നിൽക്കൽ.

2. തക്ബീറത്തുൽ ഇഹ്റാം ചൊല്ലൽ.
3. എല്ലാ റക്അത്തുകളിലും ഫാത്തിഹ ഓതൽ (ഇമാമും മഅ്മൂമും)
4. റുകൂഅ് ചെയ്യൽ.
5. റുകൂഇൽ നിന്ന് ഉയർന്ന് നിൽക്കൽ.
6. എഴ് അവയവങ്ങളിൽ സുജൂദ് ചെയ്യൽ.
7. സുജൂദിൽ നിന്ന് തല ഉയർത്തൽ.
8. രണ്ട് സുജൂദിന്റെ ഇടയിൽ ഇരിക്കൽ.
9. എല്ലാ റുക്നുകളിലും അടക്കവും ഒതുക്കവും സ്വീകരിക്കൽ.
10. അവസാനത്തെ തശഹ്ഹുദ്
11. അവസാനത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കൽ.
12. അവസാനത്തെ തശഹ്ഹുദിൽ അല്ലാഹുവിന്റെ റസൂൽ(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ.
13. റുക്നുകൾ ക്രമപ്രകാരം ചെയ്യൽ.
14. രണ്ട് സലാംവീട്ടൽ.

**കുറിപ്പ്:**

നമസ്കരിക്കുന്നവൻ മനഃപ്പൂർവ്വം മേൽപറഞ്ഞ റുക്നുകളിൽ ഒന്ന് ഒഴിവാക്കിയാൽ അവന്റെ നമസ്കാരം ബാത്വിലായി. മറന്നു കൊണ്ടാണ് ഉപേക്ഷിക്കുന്നതെങ്കിൽ മറ്റൊരു റുക്നിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി മറന്ന റുക്ന് നിർവ്വഹിക്കണം. ഇനി മറ്റൊരു റുക്നിൽ തുടരുകയോ ശേഷം മറ്റൊരു റക്അത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഓർമ്മവരുകയോ ചെയ്താൽ ആ മറന്ന റുക്ന് മടക്കി കൊണ്ട് വരിക. മറ്റൊരു റക്അത്തിലേക്ക് പ്രവേശിച്ചാൽ റുക്ന് മറന്ന റക്അത്ത് ബാത്വിലായി. ശേഷമുള്ള റക്അത്ത് ബാത്വിലായ റക്അത്തിന് പകരമായി ഗണിക്കുക. സലാം വീട്ടിയതിന് ശേഷം സഹ്വിന്റെ(മറവിയുടെ) സുജൂദ് ചെയ്യുക.

## നമസ്കാരത്തിന്റെ വാജിബുകൾ

**അവ എട്ടെണ്ണമാകുന്നു.**

1. തക്ബീറുകൾ. (തക്ബീറത്തുൽ ഇഹ്റാം ഒഴികെ)

2. 'സമിഅല്ലാഹു ലിമൻഹമിദ' എന്ന് ഒറ്റക്ക് നമസ്കരിക്കുന്നവനും ഇമാമും പറയുക.
3. 'റബ്ബനാ വ ലകൽ ഹംദ്' എന്ന് പറയുക.
4. റുകൂഇൽ 'സുബ്ഹാന റബ്ബിയൽ അദ്വീം' എന്ന് പറയുക.
5. സുജൂദിൽ 'സുബ്ഹാന റബ്ബിയൽ അഅ്ലാ' എന്നുപറയുക.
6. സുജൂദുകൾക്ക് ഇടയിലെ ഇരുത്തത്തിൽ 'റബ്ബിഗ്ഫിർലീ' എന്ന് പറയുക.
7. ഒന്നാമത്തെ തശഹ്ഹുദ്.
8. ഒന്നാമത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കൽ.

കുറിപ്പ്:

നമസ്കാരത്തിൻെറ വാജിബുകളിൽ ഏതെങ്കിലും മനഃപ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ്കാരം ബാത്വിലാകും. മറന്നുകൊണ്ടാണെങ്കിൽ ആ വാജിബ് നിർവ്വഹിക്കേണ്ട സ്ഥലം വിട്ടുപോകുന്നതിന് മുമ്പ് അതിലേക്ക് മടങ്ങി ചെന്ന് അത് നിർവ്വഹിക്കുക. സ്ഥലം വിട്ടുപോയാൽ അതിലേക്ക് മടങ്ങേണ്ടതില്ല. മറിച്ച് സലാം വീട്ടുന്നതിനു മുമ്പായി സഹ്വിൻെറ സുജൂദ് (മറവിയുടെ സുജൂദ്) ചെയ്താൽ മതിയാകും.

## നമസ്കാരത്തിന്റെ സുന്നത്തുകൾ

**അവ രണ്ട് വിഭാഗമായി തിരിച്ചിരിക്കുന്നു:**

**1. ക്വൗലിയ്യായ (ചൊല്ലിപ്പറയേണ്ട) സുന്നത്തുകൾ:**

1. പ്രാരംഭ പ്രാർത്ഥനകൾ
2. അഊദു ചൊല്ലൽ
3. ബിസ്മി ചൊല്ലൽ
4. ഫാത്തിഹയുടെ അവസാനത്തിൽ ആമീൻ ചൊല്ലൽ.
5. ഫാത്തിഹക്ക് ശേഷം സൂറത്ത് ഓതൽ.
6. ഉറക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ ഉറക്കെയും പതുക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ പതുക്കെയും ചൊല്ലൽ.
7. സുജൂദിലും റുകൂഇലും ഒന്നിലധികം തവണ തസ്ബീഹ് ചൊല്ലൽ.

8. 'സമിഅല്ലാഹു ലിമൻ ഹമിദ' എന്ന് പറഞ്ഞതിന് ശേഷം തഹ്മീദിൻെറ വചനങ്ങൾ മുഴുവനായി ചൊല്ലൽ.
9. സുജൂദിൻെറ ഇടയിലെ ഇരുത്തത്തിൽ ഒന്നിലധികം തവണ ഇസ്തിഗ്ഫാറിന് വേണ്ടി പ്രാർത്ഥിക്കൽ.

## 2. പ്രാവർത്തികമാക്കേണ്ട (ഫിഅ്ലിയ്യായ)സുന്നത്തുകൾ:

1. തക്ബീറത്തുൽ ഇഹ്റാമിൻെറ അവസരത്തിലും റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും ഒന്നാമത്തെ തശഹ്ഹുദിൽ നിന്ന് ഉയരുമ്പോഴും രണ്ട് കൈകളും ചെവികൾ വരേയോ അല്ലെങ്കിൽ ചുമലുകൾ വരേയോ ഉയർത്തൽ.
2. ക്വുർആൻ പാരായണത്തിനുശേഷം അൽപം മൗനം ദീക്ഷിക്കൽ.
3. വലതുകൈ ഇടതുകയ്യിന്മേലായി നെഞ്ചിൽ വെക്കൽ.
4. സുജൂദിൻെറ സ്ഥാനത്തേക്ക് നോക്കൽ.
5. റുകൂഇൽ രണ്ട് ഉള്ളൻകൈകൾ വിരലുകൾ വിടർത്തി മുട്ടുകാലിൽ പിടിക്കൽ.
6. റുകൂഇൽ മുതുക് നിവർത്തിപ്പിടിക്കൽ.
7. റുകൂഇൽ കൈകൾ പാർശ്വങ്ങളിൽ നിന്ന് അകറ്റിപ്പിടിക്കൽ.
8. സുജൂദിൽ രണ്ട് കൈകൾക്ക് മുമ്പ് രണ്ട് കാൽമുട്ടുകൾ വെക്കൽ.
9. സുജൂദിൽ പൂർണമായും കമിഴ്ന്ന് കിടക്കൽ.
10. സുജൂദിൽ ഏഴു അവയവങ്ങൾ നിലത്തു പതിച്ച് വെക്കൽ.
11. സുജൂദിൽ കൈകൾ ഇരുപാർശ്വങ്ങളിൽനിന്നും അകറ്റിവെക്കൽ.
12. സുജൂദിൽ കൈകാൽ വിരലുകൾ ക്വിബ്ലക്ക് നേരെ വെക്കൽ.
13. സുജൂദിൽ ഉള്ളൻ കൈവിരലുകൾ അടുപ്പിച്ചു പിടിക്കൽ.
14. സുജൂദിൽ കാൽ വിരലുകൾ അകറ്റിവെക്കൽ.
15. സുജൂദിൽ തുടകളിൽ നിന്ന് വയറിനേയും, കണങ്കാലുകളിൽ നിന്ന് തുടകളേയും, പരസ്പരം രണ്ട് തുടകളേയും അകറ്റിനിറുത്തൽ.
16. സുജൂദിൽ രണ്ട് കൈകളും ചെവികൾക്കുനേരെയോ അല്ലെങ്കിൽ ചുമലുകൾക്കുനേരെയോ നിലത്ത് വെക്കലും അവക്കിടയിൽ സുജൂദ് ചെയ്യലും.

17. സുജൂദിൽ കാൽപദങ്ങളും മടമ്പുകളും അടുപ്പിച്ചുവെക്കലും നാട്ടിനിർത്തലും.
18. ഇരുത്തത്തിൽ വലതുകൈപത്തി വലതുകാലിൻെറ മുട്ടിലോ തുടയിലോ വെക്കലും ഇടതുകൈപത്തി ഇടതു കാലിൻെറ മുട്ടിലോ തുടയിലോ വെക്കലും.
19. ഇരുത്തത്തിൽ വലതു കയ്യിലെ ചെറുവിരലും മോതിര വിരലും ചുരുട്ടിപ്പിടിക്കുക. നടുവിരലും തള്ളവിരലും വൃത്താകൃതി വരും വിതം മുട്ടിച്ചു പിടിക്കുക. ചൂണ്ടു വിരൽകൊണ്ട് ക്വിബ്ലയുടെ ഭാഗത്തേക്ക് ചൂണ്ടുകയും ദുആഇൻേറയും ദിക്റിൻേറയും സന്ദർഭത്തിൽ അത് ഇളക്കിക്കൊണ്ടിരിക്കുകയും ചെയ്യുക.
20. ഇരുത്തത്തിൽ ചൂണ്ടുവിരൽ കൊണ്ട് ക്വിബ്ലയുടെ ഭാഗത്തേക്ക് ചൂണ്ടുമ്പോൾ അതിലേക്ക് നോക്കുക.
21. ഒന്നാമത്തെ തശഹ്ഹുദിൽ ഇഫ്തിറാശിൻെറ ഇരുത്തം ഇരിക്കൽ. (ഈ ഇരുത്തം ശേഷം വിശദീകരിക്കുന്നുണ്ട്)
22. ഒന്നാമത്തെ തശഹ്ഹുദിൽ ഇബ്റാഹീമി സ്വലാത്ത് ചൊല്ലൽ.
23. അവസാനത്തെ തശഹ്ഹുദിൽ തവർറുകിൻെറ ഇരുത്തം ഇരിക്കൽ. (ഈ ഇരുത്തം ശേഷം വിശദീകരിക്കുന്നുണ്ട്)
24. രണ്ടാമത്തെ സുജൂദിൽ എഴുന്നേൽക്കുമ്പോൾ ഇസ്തിറാഹത്തിൻെറ ഇരുത്തം ഇരിക്കൽ.
25. സലാം വീട്ടുമ്പോൾ വലതും ഇടതും ഭാഗത്തേക്ക് തിരിഞ്ഞ് നോക്കൽ.
26. നമസ്കരിക്കുന്നതിന് മുന്നിൽ ഒരു മറസ്വീകരിക്കൽ.

**കുറിപ്പ്:**

സുന്നത്തിൽ നിന്ന് ഏതെങ്കിലുമൊന്ന് മറന്നോ മനഃപ്പൂർവ്വമോ ഒഴിവാക്കിയാൽ നമസ്കാരം ബാത്വിലാകില്ല. പക്ഷേ പ്രതിഫലത്തിൻെറ പൂർണ്ണത നഷ്ടമാകും.

## നമസ്കാരം ബാത്വിലാകുന്ന കാര്യങ്ങൾ

1. നമസ്കാരത്തിൽനിന്ന് പുറത്ത് പോകുവാൻ നിയ്യത്തിനെ ദുർബലപ്പെടുത്തൽ.

2. നമസ്കാരത്തിൽ നിയ്യത്ത് ദുർബലപ്പെടുത്തി, വീണ്ടും നിയ്യത്ത് ചെയ്തു കൊണ്ടിരിക്കൽ.
3. നമസ്കാരം പൂർത്തിയാകുന്നതിനു മുമ്പ് മനഃപ്പൂർവ്വം സലാം വീട്ടൽ.
4. നമസ്കാരത്തിൽപ്പെടാത്ത കാര്യങ്ങൾ സംസാരിക്കൽ.
5. നമസ്കാരത്തിൽ ചിരിക്കൽ.
6. നമസ്കാരത്തിൽ തിന്നുകയോ കുടിക്കുകയോ ചെയ്യൽ.
7. നമസ്കാരത്തിൽപ്പെടാത്ത അനാവശ്യമായ അനക്കങ്ങൾ അനങ്ങൽ.
8. നമസ്കാരത്തിൽപ്പെട്ട ഏതെങ്കിലും ഒരു കർമ്മം അറിഞ്ഞുകൊണ്ട് അധികരിപ്പിക്കൽ.
9. അറിഞ്ഞു കൊണ്ട് നമസ്കാരത്തിൻെറ ഒരു റുക്നോ വാജിബോ ഉപേക്ഷിക്കൽ.
10. ശുദ്ധി നഷ്ടപ്പെടൽ.
11. മനഃപ്പൂർവ്വം നഗ്നത വെളിപ്പെടുത്തൽ.

**കുറിപ്പ്:**

ഈ കാര്യങ്ങളിൽ ഏതെങ്കിലും ഒരാൾ ചെയ്താൽ അയാളുടെ നമസ്കാരം ബാത്വിലാകും.

## നമസ്കാരത്തിൽ വെറുക്കപ്പെട്ട കാര്യങ്ങൾ

1. ഫാത്തിഹ മാത്രം ഓതുക.
2. ഒരേ റക്അത്തിൽ രണ്ടോ അതിലധികമോ തവണ ഫാത്തിഹ ഓതുക.
3. അനാവശ്യമായി വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞ് നോക്കുക.
4. അനാവശ്യമായി കണ്ണ് ചിമ്മുക.
5. ആകാശത്തേക്ക് (മുകളിലേക്ക്) കണ്ണുയർത്തി നോക്കുക.
6. നമസ്കാരത്തിൽ ശ്രദ്ധതെറ്റിക്കുന്ന സംഗതികളുടെ മുന്നിൽ നിന്ന് നമസ്കരിക്കുക.
7. സുജൂദിൽ ചമ്രംപടിയുകയും മുഴംകൈ നിലത്ത് പരത്തി വെക്കുകയും ചെയ്യുക.
8. നമസ്കാരത്തിൽ ചന്തിനിലത്തു വെച്ച് കണങ്കാൽ നാട്ടിനിർത്തി കൈ നിലത്തു കിടത്തി (നായയിരിത്തം) ഇരിക്കുക.
9. നമസ്കാരത്തിൽ അധികരിച്ച ചലനങ്ങളുണ്ടാക്കുക.

10. നമസ്കാരത്തിൽ ഊരക്ക് കൈകൊടുക്കുക.
11. നമസ്കാരത്തിൽ വിശറി കൊണ്ടോ മറ്റോ വീശുക.
12. നമസ്കാരത്തിൽ കൈവിരലുകൾ കോർക്കുക, പൊട്ടിക്കുക.
13. ഭക്ഷണം തയ്യാറായിരിക്കെ നമസ്കരിക്കുക.
14. മലമൂത്ര വിസർജ്ജനം അത്യാവശ്യമായിരിക്കെ നമസ്കരിക്കുക.
15. ഉറക്കം തൂങ്ങുന്ന വേളയിൽ നമസ്കരിക്കുക.
16. പള്ളിയിൽ ഇമാമിനെ പോലെ നമസ്കരിക്കുവാൻ പ്രത്യേകമായൊരിടം ഉണ്ടാക്കുക.
17. നമസ്കാരത്തിനിടയിൽ വായ പൊത്തുക.
18. ഒരു വസ്ത്രം കൊണ്ട് കൈകൾ ഉള്ളിലാക്കി ശരീരം മൂടി പൊതിഞ്ഞ് നമസ്കരിക്കുക.
19. നമസ്കാരത്തിൽ മുടിയോ വസ്ത്രമോ ചുരുട്ടുക.
20. പിരടിയിലേക്ക് വളർത്തിയമുടി ബാക്കിലേക്ക് ചുരുട്ടിക്കെട്ടി നമസ്കരിക്കുക.
21. നമസ്കാരത്തിൽ കൈയ്യൂന്നി ഇരിക്കുക.
22. നെറ്റി കൂടുതൽ നിലത്തുരുമ്മുക.
23. അനാവശ്യമായി ചെരിയുക.
24. നമസ്കാരത്തിൽ കോട്ടുവായിടുക.
25. മുന്നിലെ സ്വഫ്ഫിൽ സ്ഥലമുണ്ടായിട്ടും പുറകിൽ നമസ്കരിക്കുക.
26. സൂജൂദിൽ മൂക്ക് വെക്കാതെ നെറ്റി മാത്രം വെക്കുക.
27. കണ്ണു കൊണ്ട് ആംഗ്യം കാണിക്കുക.
28. ചിത്രങ്ങളുള്ള സ്ഥലത്ത് നമസ്കരിക്കുക.
29. നമസ്കാരത്തിൽ മുന്നിലേക്കോ വലതു ഭാഗത്തേക്കോ തുപ്പൽ.

**കുറിപ്പ്:**

മേൽ പറഞ്ഞ മക്റൂഹുകൾ ആരെങ്കിലും പ്രവർത്തിച്ചാൽ നമസ്കാരം ബാത്വിലാകില്ല. പ്രതിഫലത്തിൻെറ പൂർണ്ണത നഷ്ടമാകും.

## നമസ്കരിക്കുന്നവന്
## അനുവദനീയമായ കാര്യങ്ങൾ; മുസ്തഹബ്ബായവയും

- അത്യാവശ്യ ഘട്ടങ്ങളിൽ വസ്ത്രം അഴിക്കുകയോ ഉടുക്കുകയോ ചെയ്യൽ.
- ആവശ്യമെങ്കിൽ ശിരോ വസ്ത്രം ശരിയാക്കൽ.
- പാമ്പ്, തേള് എന്നിവയെ കൊല്ലൽ.
- സൂറത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തുനിന്ന് ഓതൽ.
- നമസ്കരിക്കുന്ന സ്ഥലം മലിനമാകുന്നില്ലെങ്കിൽ ഇടത് ഭാഗത്തേക്കോ കാലിൻ ചുവട്ടിലേക്കോ തുപ്പൽ.
- നമസ്കരിക്കുന്ന അവസരത്തിൽ സലാം പറയപ്പെട്ടാൽ മടക്കുവാൻ മറ്റാരുമില്ലെങ്കിൽ ആംഗ്യത്തിലൂടെ സലാം മടക്കൽ.
- ശുദ്ധമായ ചെരിപ്പ് ധരിച്ച് നമസ്കരിക്കൽ.
- നമസ്കാരത്തിലെ പിഴവ് ഉണർത്തുവാൻ പുരുഷന്മാർ തസ്ബീഹ് ചൊല്ലലും, സ്ത്രീകൾ കൈകൊട്ടലും പ്രതിഫലാർഹമാണ്.
- നമസ്കാരത്തിൽ താക്കീതിൻെറ ആയത്തുകൾ ഓതുമ്പോൾ അല്ലാഹുവിനോട് കാവലിനെ തേടലും, കാരുണ്യത്തിൻെറ വചനങ്ങളോതുമ്പോൾ അല്ലാഹുവിനോട് കാരുണ്യംതേടലും പ്രതിഫലാർഹമാണ്.
- നമസ്കരിക്കുന്നവൻ തുമ്മിയാൽ ‘അൽ ഹംദുലില്ലാഹ്’ എന്ന് പറയൽ പ്രതിഫലാർഹമാണ്.
- നമസ്കരിക്കുന്നവൻ ഒരു മറ സ്വീകരിക്കുവാൻ അതിലേക്കടുക്കൽ പ്രതിഫലാർഹമാണ്.
- പിശാചിൽ നിന്ന് രക്ഷയെ തേടൽ പ്രതിഫലാർഹമാണ്.
- നമസ്കരിക്കുന്നതിന് മുന്നിൽ ഒരു മറ സ്വീകരിക്കൽ പ്രതിഫലാർഹമാണ്.
- ഫാത്തിഹക്ക് ശേഷം ഒന്നിലധികം സൂറത്തുകൾ പാരായണം ചെയ്യൽ പ്രതിഫലാർഹമാണ്.
- ഓതുമ്പോൾ ഇമാമിന് തെറ്റിയാൽ തെറ്റുതിരുത്തൽ പ്രതിഫലാർഹമാണ്.

**കുറിപ്പ്:**

അനുവദനീയവും പ്രതിഫലാർഹവുമായ ഈ കാര്യങ്ങൾ നമസ്കരിക്കുന്നവൻ ഉപേക്ഷിക്കുകിൽ അവൻ കുറ്റക്കാരനാകുകയില്ല.

## നമസ്കാരത്തിന്റെ നിർവ്വചനവും രൂപവും

തക്ബീറത്തുൽ ഇഹ്റാം കൊണ്ട് തുടങ്ങി സലാം കൊണ്ട് അവസാനിക്കുന്ന ചില പ്രാർത്ഥനകളും പ്രവൃത്തികളുമത്രെ നമസ്കാരം. നമസ്കാരത്തിൻെറ രൂപം താഴെ വിവരിക്കുന്നതുപ്രകാരമാണ്:

1. അല്ലാഹു(ﷻ) കൽപിച്ചതു പ്രകാരം വുദ്വൂഅ് ചെയ്യുക.
2. മുഴുവൻ ശരീരവും ചെരിയാതെ തിരിയാതെ ക്വിബ്ലക്ക് അഭിമുഖമാക്കുക.
3. നമസ്കരിക്കുന്നതിനു മുന്നിൽ ഒരുമറ സ്വീകരിക്കുക.
4. ഏതൊരു നമസ്കാരം നിർവഹിക്കുന്നുവോ അത് ക്വൽബിൽ കരുതുക (നിയ്യത്ത് ചെയ്യുക). നാവു കൊണ്ട് ഉച്ചരിക്കരുത്.
5. الله أكبر (അല്ലാഹുഅക്ബർ) എന്ന് പറഞ്ഞുകൊണ്ട് കൈ രണ്ടും ചുമലിനു നേരേ ഉയർത്തുക. 'തക്ബീറത്തുൽ ഇഹ്റാം' ചൊല്ലുക.
6. തുടർന്ന് വലതു കൈപടം ഇടതു കൈപടത്തിൻെറ മുകളിൽ നെഞ്ചിന്മേൽ വെക്കുക.
7. പ്രാരംഭ പ്രാർത്ഥന അഥവാ 'ദുആഉൽ ഇസ്തിഫ്താഹ്' ചൊല്ലുക.

**'ദുആഉൽ ഇസ്തിഫ്താഅ്' അഥവാ നമസ്കരത്തിലെ പ്രാരംഭ പ്രാർത്ഥന:**

اَللّهُمَّ بَاعِدْ بَيْنِي وبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ المَشْرِقِ وَالمَغْرِبِ ، اَللَّهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ ، اَللَّهُمَّ اِغْسِلْنِي مِنْ خَطَايَايَ بِالثَّلْجِ وَالْمَاءِ وَالْبَرَدِ

**അർത്ഥം:** ''അല്ലാഹുവേ, കിഴക്കിനും പടിഞ്ഞാറിനുമിടയിൽ നീ അകറ്റിയതു പോലെ എന്നേയും എന്റെ പാപങ്ങളേയും പരസ്പരം നീ അകറ്റേണമേ! അല്ലാഹുവേ, വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കപ്പെടുന്നതു പോലെ പാപങ്ങളിൽനിന്ന് നീ എന്നെ ശുദ്ധിയാക്കേണമേ! അല്ലാഹുവേ, എന്റെ പാപങ്ങളിൽ നിന്ന് എന്നെ ആലിപ്പഴം കൊണ്ടും വെള്ളംകൊണ്ടും മഞ്ഞുകൊണ്ടും നീ കഴുകേണമേ!''

അല്ലെങ്കിൽ

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ ، وتَبَارَكَ اسْمُكَ ، وَتَعَالى جَدُّكَ ، وَلاَ إِلـهَ غَيْرُكَ

**അർത്ഥം**: "അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിന്റെ നാമം അനുഗ്രഹീതവും നിന്റെ കാര്യം ഉന്നതവുമായിരിക്കുന്നു. യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റൊരുമില്ല"

അല്ലെങ്കിൽ

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالأَرْضَ حَنِيفًا مُسْلِمًا وَمَا أَنَا مِـنَ الْمُشْرِـكِينَ ، إِنَّ صَـلاَتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَـالَمِينَ ، لاَ شَرِيـكَ لَهُ وَبِـذَلِكَ أُمِـرْتُ وَأَنَـا أَوَّلُ الْمُسْـلِمِينَ ، اللَّهُمَّ أَنْتَ المَلِكُ لاَ إِلـهَ إِلاَّ أَنْتَ ، أَنْتَ رَبِّي وَأَنَا عَبْدُكَ ، ظَلَمْتُ نَفْسِي واعْتَرَفْتُ بِذَنْبِي ، فَاغْفِرْ لِي ذُنُوبِي جَمِيعًا إِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ ، وَاهْدِنِي لأَحْسَنِ الْأَخْلاَقِ لاَ يَهْـدِي لِأَحْسَـنِهَا إِلاَّ أَنْتَ ، وَاصْرِفْ عَنِّي سَيِّئَهَا ، لاَ يَصْرِفُ عَنِّي سَيِّئَهَا إِلاَّ أَنْتَ ، لَبَّيْكَ وَسَعْدَيْكَ ، وَالْخَيْرُ كُلُّهُ فِي يَدَيْكَ ، وَالشَّرُّ لَيْسَ إِلَيْكَ ، أَنَا بِكَ وَإِلَيْكَ ، تَبَارَكْتَ وَتَعَالَيْتَ ، أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ.

**അർത്ഥം**:''ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനിലേക്ക് ഋജുമനസ്കനായി ഞാൻ എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല. നിശ്ചയം, എന്റെ നമസ്കാരവും ബലിയും എന്റെ ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിന് മാത്രമുള്ളതാകുന്നു. അവന് യാതൊരു പങ്കുകാരും ഇല്ല.അതാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുസ്ലിംകളിൽ ഒന്നാമനാണ്. അല്ലാഹുവേ, നീയാണ് രാജാധിപത്യമുള്ളവൻ.നീയല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. നീ എന്റെ നാഥനും ഞാൻ നിന്റെ അടിമയുമാണ്. ഞാൻ എന്നോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. ഞാൻ എന്റെ പാപങ്ങൾ ഏറ്റു പറയുന്നു. അതിനാൽ എന്റെ മുഴുവൻ പാപങ്ങളും നീ പൊറുത്ത് തരേണമേ! നിശ്ചയം നീയല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല. ഉത്തമ സ്വഭാവഗുണങ്ങളിലേക്ക് നീയെന്നെ നയിക്കേണമേ. ഉത്തമ സ്വഭാവഗുണങ്ങളിലേക്ക് നയിക്കുവാൻ നീയല്ലാതെ മറ്റാരുമില്ല. എന്നിൽ നിന്ന് ചീത്ത സ്വഭാവങ്ങളെ നീ

തെറ്റിച്ചുകളയേണമേ! അതിനെ എന്നിൽ നിന്ന് നീയല്ലാതെ തിരിച്ചു കളയുകയില്ല.നിന്റെ വിളിക്ക് ഞാൻ വീണ്ടും വീണ്ടും ഉത്തരം ചെയ്യു കയും നിനക്ക് ഉത്തരം ചെയ്യുന്നതിൽ ഞാൻ വീണ്ടും വീണ്ടും സ ന്തോഷം കൊള്ളുന്നു. നന്മ മുഴുവനും നിന്റെ കൈകളിലാണ്. തിന്മ യൊന്നും നിന്നിലേക്കില്ല. ഞാൻ (ജീവിക്കുന്നത്) നിന്നെക്കൊണ്ടും (എന്റെ മടക്കം)നിന്നിലേക്കുമാണ്. നീ അനുഗ്രഹീതനും ഉന്നതനുമാ യിരിക്കുന്നു. ഞാൻ നിന്നോട് പാപമോചനം ചോദിക്കുകയും നിന്നി ലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യുന്നു.''

**8. തുടർന്ന് أَعُوذُ باللهِ منَ الشيطانِ الرَّجيمِ എന്നു പതുക്കെ ചൊല്ലുക.**

**9. സൂറത്തുൽ ഫാത്തിഹ ഓതുക. بسم الله الرحمن الرحيم എന്ന് ഫാത്തിഹയിൽ പതുക്കെ ചൊല്ലുക.**

**സൂറത്തുൽ ഫാത്തിഹ:**

بِسْمِ اللّهِ الرَّحْمَـنِ الرَّحِيمِ * الْحَمْدُ للّهِ رَبِّ الْعَالَمِينَ * الرَّحْمـنِ الرَّحِيمِ * مَـالِكِ يَـوْمِ الدِّيـنِ * إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ * اهدِنَـــا الصِّرَاطَ المُستَقِيمَ * صِرَاطَ الَّذِينَ أَنعَمتَ عَلَيهِمْ غَيرِ المَغضُوبِ عَلَيهِمْ وَلاَ الضَّالِّينَ

**അർത്ഥം:**﴿പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരു നാമത്തിൽ. സ്തുതികൾ സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകു ന്നു. പരമകാരുണികനും കരുണാനിധിയും, പ്രതിഫലദിവസത്തിന്റെ ഉടമ സ്ഥനുമായ (അല്ലാഹുവിന്). നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നി ന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേർമാർഗ്ഗത്തി ൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണമേ. കോപ ത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല.പിഴച്ചുപോയവരുടെ മാർഗ്ഗത്തിലുമല്ല.﴾

**ഫാത്തിഹായുടെ അവസാനം 'ആമീൻ' (അല്ലാഹുവേ ഞങ്ങളുടെ പ്രാർത്ഥനക്ക് നീ ഉത്തരം നൽകേണമേ) എന്ന് പറയുക.**

**10. കഴിയുന്നത്ര എളുപ്പമുള്ള ഭാഗം ക്വുർആനിൽ നിന്നും ഓതുക.**

**<u>ക്വുർആൻ പാരായണത്തി (തിലാവത്തി)ന്റെ സുജൂദിൽ പ്രാർത്ഥി ക്കുവാൻ:</u>**

سَجَدَ وَجْهِيَ لِلَّذِي خَلَقَهُ وَ شَقَّ سَمْعَهُ وَ بَصَرَهُ بِحَوْلِهِ وَقُوَّتِهِ ، فَتَبَارَكَ اللَّهُ أَحْسَنَ الْخَالِقِينَ.

**അർത്ഥം:** "സൃഷ്ടിക്കുകയും കണ്ണും കാതും കീറുകയും ചെയ്തത് ഏതൊരുവന്റെ ശക്തിയും ശേഷിയും കൊണ്ടാണോ അവനിതാ എന്റെ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടാവായ അല്ലാഹു അനുഗ്രഹീതനായിരിക്കുന്നു."

11. **റുകൂഅ് ചെയ്യുക. അഥവാ അല്ലാഹുവിനെ മഹത്വപ്പെടുത്തും വിധം മുതുക് കുനിക്കുക. കുനിക്കുമ്പോൾ രണ്ടു കൈകളും ചുമലിനു നേരെ ഉയർത്തി** الله أكبر **എന്ന് തക്ബീർ ചൊല്ലുക.റുകൂഇൽ തലയും മുതുകും നേരെയാക്കുകയും കൈവിരലുകൾ രണ്ടു മുട്ടിന്മേൽ വിടർത്തി വെക്കുകയും വേണം.**

12. റുകൂഇൽ പ്രാർത്ഥിക്കുക.

**<u>റുകൂഇൽ പ്രാർത്ഥിക്കുവാൻ:</u>**

سُبْحَانَ رَبِّيَ العَظِيمْ

**അർത്ഥം:** "മഹാനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു" (മൂന്ന് പ്രാവശ്യം)

അല്ലെങ്കിൽ

سُبْحَانَكَ اللَّهُمَّ رَبَّنَا وَ بِحَمْدِكَ اللَّهُمَّ اغْفِرْ لِي

**അർത്ഥം:**''ഞങ്ങളുടെ നാഥനായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, എനിക്ക് പാപമോചനം നൽകേണമേ''

13. **റുകൂഇൽനിന്ന് തലയുയർത്തുക. അപ്പോൾ കൈകൾ രണ്ടും ചുമലിന് നേരെ ഉയർത്തുക.**

**<u>റുകൂഇൽനിന്ന് ഉയരുമ്പോൾ:</u>**

سَمِعَ اللَّهُ لِمَنْ حَمِدَه

**അർത്ഥം**: "അല്ലാഹുവിനെ സ്തുതിച്ചവർക്ക് അവൻ കേട്ട് ഉത്തരം ന ൽകട്ടെ" എന്നു പറയുക.

**14. ഇഅ്തിദാലിൽ നിവർന്നു നിൽക്കുക.**

**റുകൂഇനു ശേഷമുള്ള നിറുത്തത്തിൽ (ഇഅ്ത്തി ദാലിൽ) ചൊല്ലു വാൻ:**

رَبَّنَا وَلَكَ الْحَمْدُ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ

**അർത്ഥം**: "അനുഗ്രഹീതവും വിശിഷ്ടവുമായ അതിരറ്റ സ്തുതികൾ ഞങ്ങളുടെ നാഥാ നിനക്ക് മാത്രമായി സമർപ്പിക്കുന്നു"

അല്ലെങ്കിൽ

رَبَّنَا لَكَ الْحَمْدُ مِلْءِ السَّمَاوَاتِ وَ الأَرْضِ ، وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ ، أَهْلَ الثَّنَاءِ وَالمَجْدِ أَحَقُّ مَا قَالَ العَبْدُ وَكُلَّنَا لَكَ عَبْدٌ ، اَللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ ، وَلاَ مُعْطِيَ لِمَا مَنَعْتَ ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ.

**അർത്ഥം**: "ആകാശങ്ങളിലും ഭൂമിയിലും ശേഷം നീ ഉദ്ദേശിച്ച എല്ലാ യിടത്തും നിറയെയുള്ള സ്തുതി നിനക്കു മാത്രമാണ്.ഉന്നതിക്കും പ്ര ശംസക്കും അർഹനായവനേ, ഞങ്ങളെല്ലാം നിന്റെ അടിമയായിരി ക്കെ ഒരു ദാസൻ പറയുവാൻ ഏറ്റവും അർഹമായത് ഇതാണ്. അ ല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല നീ തടയുന്നത് നൽകുന്ന വനുമില്ല,ഏത് ധനികന്റെ ഐശ്വര്യവും നിന്റെ അടുക്കൽ ഉപകരിക്കു കയില്ല"

15. **اللهُ أَكبر എന്ന് പറഞ്ഞ് ഒന്നാമത്തെ സുജൂദ് ചെയ്യുക. (മൂക്ക് നിലത്തു തട്ടുന്ന വിധം നെറ്റി, രണ്ട് കൈപള്ളകൾ, രണ്ട് കാൽമുട്ടുകൾ, കാൽവി രലുകളുടെ പള്ളകൾ തുടങ്ങിയവ നിലത്തുവെക്കണം) കണങ്കൈകൾ പാർശ്വത്തിൽ നിന്ന് വിടർത്തി വെക്കുക. മുഴംകൈകൾ നിലത്ത് ചേർ ത്തു വെക്കരുത്. കൈവിരലുകൾ ക്വിബ്ലക്ക് അഭിമുഖമായി വെക്കുക.**

**16. സുജൂദിൽ പ്രാർത്ഥിക്കുക:**

**<u>സുജൂദിലെ പ്രാർത്ഥന:</u>**

سُبْحَانَ رَبِّيَ الأَعْلَى

**അർത്ഥം:** "അത്ത്യുന്നതനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു" (മൂന്ന് പ്രാവശ്യം)

അല്ലെങ്കിൽ

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي

**അർത്ഥം:** ''ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു, അല്ലാഹുവേ, എനിക്ക് പൊറുത്ത് തരേണമേ.''

**17. സുജൂദിൽനിന്ന് الله أكبر എന്ന് പറഞ്ഞു തലയുയർത്തുക.**

**18. ഇടതു കാലിൻെറ പാദത്തിന്മേൽ രണ്ട് സുജൂദിൻെറ ഇടക്കുള്ള ഇരുത്തം ഇരിക്കുക. വലതു കാൽപ്പാദം നാട്ടി വെക്കുക. വലതുകൈ വലതുകാലിൻെറ മുട്ടിനടുത്ത് തുടയിന്മേൽ വെക്കുക. ഇടതുകൈ ഇടതുകാലിൻെറ മുട്ടിനടുത്ത് തുടയിന്മേലും വെക്കുക.**

**19. ഇരുത്തത്തിൽ പ്രാർത്ഥിക്കുക:**

**<u>സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിൽ പ്രാർത്ഥിക്കുവാൻ:</u>**

رَبِّ اغْفِرْ لِي رَبِّ اغْفِرْ لِي

**അർത്ഥം:** ''എന്റെ നാഥാ നീ എനിക്ക് പൊറുത്ത് തരേണമേ, എന്റെ നാഥാ നീ എനിക്ക് പൊറുത്ത് തരേണമേ''

അല്ലെങ്കിൽ

اَللَّهُمَّ اغْفِرْ لِي وَارْحَمْنِي وَاهْدِنِي وَاجْبُرْنِي وَعَافِنِي وَارْزُقْنِي وَارْفَعْنِي

**അർത്ഥം:** ''അല്ലാഹുവേ, എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ, എന്നെ നേർവഴിയിലാക്കേണമേ, എന്റെ കാര്യങ്ങൾ പരിഹരിക്കേണമേ, എനിക്ക് സൗഖ്യം നൽകേണമേ,എനിക്ക് ഉപജീവനം തരേണമേ, എന്നെ ഉയർത്തേണമേ.''

20. വീണ്ടും الله أكبر ചൊല്ലി സുജൂദ് ചെയ്യുക. (ഒന്നാമത്തെ സുജൂദിൽ ചെയ്തതും പറഞ്ഞതും ആവർത്തിക്കുക)

21. സുജൂദിൽനിന്ന് الله أكبر എന്നു പറഞ്ഞ് രണ്ടാമത്തെ റക്അത്തിലേക്ക് എഴുന്നേൽക്കുക. എഴുന്നേൽക്കുമ്പോൾ നേരിയ ഒരു ഇരുത്തം(ജിൽസതുൽ ഇസ്തിറാഹഃ) ഇരിക്കുക. തുടർന്ന് ഒന്നാമത്തെ റക്അത്തിൽ പറഞ്ഞതും ചെയ്തതും പോലെ (പ്രാരംഭ പ്രാർത്ഥനയൊഴികെ) ഈ റക്അത്തിലും ചെയ്യുക.

22. രണ്ടാമത്തെ റക്അത്തിൻെറ അവസാനത്തിൽ الله اكبر എന്നു പറഞ്ഞ് രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കുന്നത് പോലെ ഇരിക്കുക.

23. ഈ ഇരുത്തത്തിൽ 'തശഹ്ഹുദ്' (അത്തഹിയ്യാത്ത്) ചൊല്ലുക.

<u>തശഹ്ഹുദ്:</u>

التَّحِيَّاتُ لِلَّهِ، وَالصَّلَوَاتُ، وَالطَّيِّبَاتُ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ. أَشْهَدُ أَنْ لاَ إِلـهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

**അർത്ഥം:**''എല്ലാ തിരുമുൽകാഴ്ചകളും അല്ലാഹുവിനാണ്. നല്ലതും വിശിഷ്ടമായതും(അവനാണ്). നബിയേ അങ്ങേക്ക് അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും ഉണ്ടാവട്ടെ. ഞങ്ങൾക്കും സദ്‌വൃത്തരായ ദാസന്മാർക്കും സമാധാനമുണ്ടാവട്ടെ. അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റൊരുമില്ലെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു. നിശ്ചയം, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു''

<u>തശഹ്ഹുദിന് ശേഷമുള്ള സ്വലാത്ത്:</u>

اللَّهُمَّ صَلِّ عَلَى مُحَمَّدٍ ، وَعَلَى آلِ مُحَمَّدٍ ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ ، وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيد ، اَللَّهُمَّ بَارِكْ عَلَى مُحَمَّدٍ ، وَعَلَى آلِ مُحَمَّدٍ ، كَمَا بَارَكْتَ عَلَى إِبْـرَاهِيمَ ، وَعَلَى آلِ إِبْـرَاهِيم إِنَّـكَ حَمِيـدٌ مَجِيدٌ.

**അർത്ഥം:** അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ കരുണചെയ്തതു പോലെ മുഹമ്മദിനും കുടുംബത്തിനും നീ കരുണ ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും കുടുംബത്തേയും നീ അനുഗ്രഹിച്ചതു പോലെ മുഹമ്മദിനേയും കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ! നിശ്ചയം, നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്.

**സ്വലാത്തിന് ശേഷമുള്ള പ്രാർത്ഥന:**

أَللَّهُمَّ اغْفِرْ لِي مَا قَدَّمْتُ ، وَمَا أَخَّرْتُ ، وَمَا أَسْرَرْتُ ، وَمَا أَعْلَنْتُ ، وَمَا أَسْرَفْتُ ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي. أَنْتَ الْمُقَدِّمُ ، وَأَنْتَ الْمُؤَخِّرُ ، لاَ إِلـهَ إِلاَّ أَنْتَ.

**അർത്ഥം:** അല്ലാഹുവേ ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായും പരസ്യമായും അമിതമായും ചെയ്തുപോയതും എന്നേക്കാൾ കൂടുതൽ നിനക്ക് അറിയാവുന്നതുമായ എന്റെ എല്ലാ പാപങ്ങളും നീ എനിക്ക് പൊറുത്ത് തരേണമേ! നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീയല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല.

അല്ലെങ്കിൽ

اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ ، وَمِنْ عَذَابِ النَّارِ ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ ، وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ.

**അർത്ഥം:** "അല്ലാഹുവേ ക്വബ്ർ ശിക്ഷയിൽനിന്നും നരക ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ പരീക്ഷണ കെടുതികളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു"

**തുടർന്ന് ഇഹപര നന്മകൾക്കു വേണ്ടി അല്ലാഹുവിനോട് ഇഷ്ടമുള്ളത് പ്രാർത്ഥിക്കാവുന്നതാണ്.**

**(ഇരുത്തത്തിൽ തള്ളവിരലും നടുവിരലും-ഇരുവിരലുകളുടേയും അറ്റങ്ങൾ-ചേർത്തുപിടിച്ച് ചൂണ്ടുവിരൽ ഉയർത്തുകയും പ്രാർത്ഥനാവേളയിൽ ഇളക്കിക്കൊണ്ടിരിക്കുകയും ചെയ്യുക)**

വലതുഭാഗത്തേക്ക് 'അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹ്' ( السلام عليكم ورحمة الله ) എന്നു സലാം വീട്ടുക. തുടർന്ന് ഇടതുഭാഗത്തേക്കും അപ്രകാരം ചെയ്യുക.

മൂന്നോ നാലോ റക്അത്തുള്ള നമസ്കാരമാണെങ്കിൽ തശഹ്ഹുദിൽ:

" أَشْهَدُ أَنْ لاَ إِلَـهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ "

എന്നതുവരെ ചൊല്ലി നിർത്തുക.

24. ശേഷം الله اكبر എന്നു പറഞ്ഞ് എഴുന്നേൽക്കുക. അപ്പോൾ കൈകൾ രണ്ടും ചുമലിനു നേരെ ഉയർത്തുക.

25. രണ്ടാമത്തെ റക്അത്തിൽ ചെയ്തതും പറഞ്ഞതും ഈ റക്അത്തിലും /റക്അത്തുകളിലും ആവർത്തിക്കുക. നിറുത്തത്തിൽ ഫാതിഹാ സൂറത്ത മാത്രം ഓതിയാൽ മതിയാകും.

26. അവസാനത്തെ തശഹ്ഹുദിൽ തവർറുക്കിൻെറ ഇരുത്തം ഇരിക്കുക. അഥവാ വലതു കാൽപാദം നാട്ടിവെച്ച് ഇടതു കാൽപാദത്തെ വലതു കാലിന്നുള്ളിലൂടെ പുറത്തേക്കിടുക. ചന്തി നിലത്തമർത്തിവെക്കുക.

27. ഈ ഇരുത്തത്തിൽ തശഹ്ഹുദ് മുഴുവൻ ചൊല്ലുക.

28. വലതുഭാഗത്തേക്ക് السلام عليكم ورحمة الله (അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹ്) എന്നു സലാം വീട്ടുക. തുടർന്ന് ഇടതുഭാഗത്തേക്കും അപ്രകാരം ചെയ്യുക.

## നമസ്കാരാനന്തരമുള്ള ദിക്റുകളിൽനിന്ന്...

നമസ്കാരത്തിൽനിന്ന് വിരമിച്ച ശേഷം:

أَسْــتَغْفِرُ اللَّه (ثَلاَثُ مَرَّاتٍ)

**അർത്ഥം:** ''അല്ലാഹുവോട് ഞാൻ പാപമോചനം തേടുന്നു''
(ഇത് മൂന്ന് പ്രാവശ്യം ചൊല്ലുക.)

أَللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلاَمُ تَبَارَكْتَ يَاذَا الْجَلاَلِ وَالإِكْرَامِ

**അര്‍ത്ഥം:** ''അല്ലാഹുവേ, നീയാണ് അസ്സലാം, നിന്നില്‍നിന്നാണ് സമാധാനം, ഉന്നതിയും മഹത്വവും ഉള്ളവനേ നീ അനുഗ്രഹീതനായിരിക്കുന്നു.''

لاَ إِلَـهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ ، أَللَّهُـمَّ لاَ مَـانِعَ لِمَا أَعْطَيْتَ ، وَلاَ مُعْطِيَ لِمَا مَنَعت ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ.

**അര്‍ത്ഥം:** ''അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവന്‍ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്.അവന്‍ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവേ നീ നല്‍കുന്നത് തടയുന്നവനില്ല. നീ തടയുന്നത് നല്‍കുന്നവനുമില്ല. നിന്റെ അടുക്കല്‍ ധനം ഉപകരിക്കുകയില്ല.''

لاَ إِلَـهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ ، لاَحَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ ، لاَ إِلَـهَ إِلاَّ اللَّهُ ، وَلاَ نَعْبُدُ إِلاَّ إِيَّاهُ ، لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ ، لاَ إِلَـهَ إِلاَّ اللَّهُ مُخْلِصِينَ لَهُ الدِّينَ ، وَلَوْ كَرِهَ الْكَافِرُونَ.

**അര്‍ത്ഥം:** ''അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവന്‍ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവന്‍ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവെ കൊണ്ടല്ലാതെ ഒരുകഴിവും ശേഷിയുമില്ല.അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവനെയല്ലാതെ ഞങ്ങള്‍ ആരാധിക്കുന്നുമില്ല. അനുഗ്രഹവും ഔദാര്യവും അവന്റേതാണ്. ഉത്തമമായ സ്തുതികള്‍ അവനുണ്ട്. അല്ലാഹുവല്ലാതെ ആരാധ്യനില്ല. വണക്കം അവന് നിഷ്കളങ്കമാക്കുന്നവരിലാണ് ഞാന്‍. സത്യനിഷേധികള്‍ വെറുപ്പ് പ്രകടിപ്പിച്ചാലും''

سُبْحَانَ اللَّهِ

**അര്‍ത്ഥം:** ''അല്ലാഹുവിനെ ഞാന്‍ പരിശുദ്ധനാക്കുന്നു.'' (മുപ്പത്തി മൂന്ന് പ്രാവശ്യം ചൊല്ലുക.)

الْحَـمْدُ للَّهِ

**അർത്ഥം:** ''അല്ലാഹുവിന് മാത്രമാണ് എല്ലാ സ്തുതികളും'' (മുപ്പത്തി മൂന്ന് പ്രാവശ്യം ചൊല്ലുക.)

اللَّهُ أَكْبَرْ

**അർത്ഥം:** ''അല്ലാഹു ഏറ്റവും വലിയവനാണ്'' (മുപ്പത്തി മൂന്ന് പ്രാവശ്യം ചൊല്ലുക.)

لاَ إِلَـهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

**അർത്ഥം:** ''അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനു മാത്രമാണ്. എല്ലാ സ്തുതികളും അവനു മാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്.'' (എന്നത് ചൊല്ലി നൂറ് പൂർത്തിയാക്കുക.)

**<u>മഗ്രിബിനും,സുബ്ഹിക്കും ശേഷം പത്ത് തവണ ചൊല്ലുവാൻ:</u>**

لاَ إِلَـهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، يُحْيِي وَيُمِيتُ ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

''അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ് എല്ലാ സ്തുതിയും അവനാണ്. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അവനാണ്.അവൻ എല്ലാത്തിനും കഴിവുള്ളവനാണ് ''

**<u>സുബ്ഹിക്ക് ശേഷം ഒരു തവണ ചൊല്ലുവാൻ:</u>**

أَللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا ، وَرِزْقًا طَيِّبًا ، وَعَمَلاً مُتَقَبَّلاً

'അല്ലാഹുവേ ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു'

**എല്ലാ നമസ്കാരങ്ങളുടെ ശേഷവും ആയത്തുൽ കുർസിയും സൂറത്തുൽ ഇഖ്ലാസ്വും ഫലക്വും അന്നാസും ഓതുക (സുബ്ഹി, മഗ്രിബ് നമസ്കാരങ്ങളുടെ ശേഷം മൂന്ന് തവണ ആവർത്തിക്കുക):**

اللّه لاَ إِلَـهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَّهُ مَا فِي السَّـمَاوَاتِ وَمَـا فِي الأَرْضِ مَـن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلاَّ بِمَا شَاء وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ

﴾അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ എല്ലാം നിയന്ത്രിക്കുന്നവൻ. ഉറക്കമോ മയക്കമോ അവനെ ബാധിക്കുകയില്ല.ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുവാദമില്ലാതെ അവന്റെ അടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്നും അവൻ ഉദ്ദേഷിക്കുന്നതല്ലാതെ അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. ﴿

قُلْ هُوَ اللَّهُ أَحَدٌ * اللَّهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ * وَلَمْ يَكُن لَّهُ كُفُوًا أَحَدٌ

﴾(നബിയേ) പറയുക, കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ(ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടേയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ല. ﴿

قُلْ أَعُوذُ بِرَبِّ الْفَلَقِ * مِن شَرِّ مَا خَلَقَ * وَمِـن شَرِّ غَاسِـقٍ إِذَا وَقَـبَ* وَمِـن شَرِّ النَّفَّاثَـاتِ فِي الْعُقَدِ * وَمِن شَرِّ حَاسِدٍ إِذَا حَسَدَ

﴾ (നബിയേ) പറയുക, പുലരിയുടെ രക്ഷിതാവിനോട് ഞാൻ അഭയം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്നും ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും അസൂയാലു അസൂയപ്പെടുമ്പോഴുള്ള കെടുതിയിൽനിന്നും﴿

قُلْ أَعُوذُ بِرَبِّ النَّاسِ * مَلِكِ النَّاسِ* إِلَهِ النَّاسِ * مِن شَرِّ الْوَسْوَاسِ الْخَنَّـاسِ * الَّذِي يُوَسْـوِسُ فِي صُدُورِ النَّاسِ * مِنَ الْجِنَّةِ وَ النَّاسِ

﴿പറയുക, മനഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ദൈവവുമായവനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിന്മാറിക്കളയുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെ കൊണ്ടുള്ള തിന്മയിൽ നിന്ന് ﴾

هذا وبالله التوفيق،

وصلّى الله على نبيّنا محمّد وعلى آله وصحبه وسلّم

والحمد لله ربّ العالمين

## വിഷയസൂചി


| | |
|---|---|
| • മുഖക്കുറി | 3 |
| • ശുദ്ധിയുടെ പ്രാധാന്യം | 4 |
| • ശുദ്ധിയുടെ ഇനങ്ങൾ | 4 |
| • വുദ്വൂഇന്റെ ശ്രേഷ്ഠത | 5 |
| • വുദ്വൂഇന്റെ ശർത്ത്വുകൾ | 5 |
| • വുദ്വൂഇന്റെ നിർവ്വചനം | 6 |
| • ‘വുദ്വൂഇ’നെ നിർബന്ധമാക്കുന്ന കാര്യങ്ങൾ | 6 |
| • വുദ്വൂഇന്റെ ഫർദ്വുകൾ | 7 |

| | |
|---|---|
| • വുദ്വൂഇന്റെ രൂപം | 10 |
| • വുദ്വൂഇന്റെ സുന്നത്തുകൾ | 13 |
| • വുദ്വൂഇൽ മക്റൂഹായ കാര്യങ്ങൾ | 16 |
| • വുദ്വൂഅ് മുറിയുന്ന കാര്യങ്ങൾ | 17 |
| • ശുദ്ധീകരിക്കുവാൻ ഒന്നും ലഭിക്കാത്തവന്റെ വിധി. | 18 |
| • സംശയിച്ചവന്റെ വിധി | 19 |
| • നമസ്കാരത്തിന്റെ പ്രാധാന്യം | 19 |
| • നമസ്കാരത്തിന്റെ പ്രത്യേകതകൾ | 20 |
| • നമസ്കാരം; ഒരു ആമുഖം | 25 |
| • നമസ്കാരത്തിന്റെ ശർത്തുകൾ | 25 |
| • നമസ്കാരത്തിന്റെ റുക്നുകൾ | 26 |
| • നമസ്കാരത്തിന്റെ വാജിബുകൾ | 27 |
| • നമസ്കാരത്തിന്റെ സുന്നത്തുകൾ | 28 |
| • നമസ്കാരം ബാത്വിലാകുന്ന കാര്യങ്ങൾ | 30 |
| • നമസ്കാരത്തിൽ വെറുക്കപ്പെട്ട കാര്യങ്ങൾ | 31 |
| • നമസ്കരിക്കുന്നവന് അനുവദനീയമായ കാര്യങ്ങൾ; മുസ്തഹബ്ബായവയും. | 32 |
| • നമസ്കാരത്തിന്റെ നിർവ്വചനവും രൂപവും | 33 |
| • നമസ്കാരാനന്തരമുള്ള ദിക്റുകളിൽനിന്ന്... | 42 |
| • വിഷയ സൂചി | 46 |